©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനാലാം കേരള നിയമസഭ**

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2019-2021)

## നൂറ്റിഇരുപത്തിയൊന്നാമത് റിപ്പോർട്ട്

**(2021 ജനുവരി 18-ന് സഭയിൽ സമർപ്പിച്ചത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി

**(2019-2021)**

**നൂറ്റിഇരുപത്തിയൊന്നാമത് റിപ്പോർട്ട്**

**കേരള അഗ്രോ മെഷിനറി കോർപ്പറേഷനെ സംബന്ധിച്ചത്**
**(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ**
**2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ**
**പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച**
**റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ളത്)**

<u>ഉള്ളടക്കം</u>


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| ആമുഖം | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം 1 | | |
| സമിതിയുടെ നിഗമനങ്ങളും ശിപാർശകളും | : | 25 |
| അനുബന്ധം 2 | | |
| ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | 29 |

# സമിതിയുടെ ഘടന

# (2019-2021)

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. സി. ദിവാകരൻ.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. സണ്ണി ജോസഫ്

ശ്രീ. എം. ഉമ്മർ

ശ്രീ. പി. ഉണ്ണി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

# ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)-യുടെ അദ്ധ്യക്ഷനായ ഞാൻ, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ (KAMCO) എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 മേൽ തയ്യാറാക്കിയ 121-ാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 28-6-2016-ാം തീയതി സഭയിൽ സമർപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)-ന്റെ 27-8-2019-ൽ കൂടിയ സമിതിയോഗം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

സമിതി (2019-2021)-ന്റെ 11-1-2021-ലെ യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡിക പരിഗണനാ വേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്കും തെളിവെടുപ്പിന് ഹാജരായി സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ കൃഷി വകുപ്പിലേയും കേരള അഗ്രോ മെഷിനറി കോർപ്പറേഷനിലെയും ഉദ്യോഗസ്ഥർക്കും സമിതി നന്ദി അറിയിക്കുന്നു.

സി. ദിവാകരൻ
*ചെയർമാൻ,*
*പൊതുമേഖലാ സ്ഥാപനങ്ങളെ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 11.

# റിപ്പോർട്ട്

## കേരള അഗ്രോ മെഷിനറി കോർപ്പറേഷനെ സംബന്ധിച്ചത്

<u>ഓഡിറ്റ് ഖണ്ഡിക</u>

### 3.2 കേരള അഗ്രോ മെഷിനറി കോർപ്പറേഷനിലെ സാമഗ്രികളുടെ സമാഹരണം

3.2.1 കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (കമ്പനി) കാർഷിക ഉപകരണങ്ങളായ യന്ത്രവൽകൃത ടില്ലറുകൾ, കൊയ്ത്തുയന്ത്രങ്ങൾ, ട്രാക്ടറുകൾ എന്നിവയുടെ ഉൽപാദനം, വിപണനം എന്നീ ലക്ഷ്യങ്ങളോടുകൂടി 1973 മാർച്ചിൽ സ്ഥാപിതമായി. കമ്പനിക്ക് അത്താണി, കളമശ്ശേരി (എറണാകുളം) കഞ്ചിക്കോട് (പാലക്കാട്) മാള (തൃശ്ശൂർ) എന്നിവിടങ്ങളിലായി നാല് ഉൽപാദന കേന്ദ്രങ്ങൾ ഉണ്ട്. 6000 യന്ത്രവത്കൃത ടില്ലറുകൾ സ്ഥാപിത ഉൽപാദനശേഷിയുള്ള കമ്പനിയിൽ കൊയ്ത്തുയന്ത്രം, ട്രാക്ടർ എന്നിവയുടെ സ്ഥാപിത ഉത്പാദന ശേഷി ഇനിയും നിർണ്ണയിച്ചിട്ടില്ല.

ഇന്ത്യൻ ടില്ലർ കമ്പോളത്തിൽ പ്രത്യേകിച്ച് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ കമ്പനി ഉൽപന്നങ്ങൾക്ക് വളരെയധികം പ്രശസ്തിയും സ്വീകാര്യതയുമുണ്ട്. വർഷങ്ങളുടെ പ്രവർത്തനഫലമായി ഒരു മികച്ച വിൽപന വിതരണ ശൃംഖല വികസിപ്പിച്ചെടുക്കാൻ കമ്പനിക്ക് കഴിഞ്ഞിട്ടുണ്ട്. സർക്കാർ സബ്സിഡിയോടൊപ്പം തന്നെ ഉല്പന്ന ഗുണനിലവാരം, കമ്പനിയുടെ പ്രശസ്തി, സ്വീകാര്യത എന്നിവയുടെ ഫലമായി കമ്പനിയുടെ വാർഷിക വിറ്റുവരുമാനം ക്രമമായി വർദ്ധിച്ചു വന്നിട്ടുണ്ട്. ഇങ്ങനെയുള്ള അനുകൂല ഘടകങ്ങൾ ഉണ്ടായിട്ടും 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ കമ്പനിക്ക് നേടാൻ കഴിഞ്ഞ പ്രവർത്തനലാഭം വിൽപന മൂല്യത്തിന്റെ 1.23 ശതമാനത്തിനും (2014-15) 4.98 ശതമാനത്തിനും (2010-11) ഇടയിൽ മാത്രമാണ്. ഉൽപാദനത്തിനാവശ്യമായ സ്പെയറുകളുടെ ഉപഭോഗനിരക്ക് 67.88 ശതമാനത്തിനും 82.24 ശതമാനത്തിനുമിടയിൽ വ്യതിയാനപ്പെട്ടിരിക്കുന്നതായി കണ്ടതിനാൽ കമ്പനിയുടെ 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിലെ വാങ്ങൽ പ്രക്രിയ കേരള സർക്കാരിന്റെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ (എസ്.പി.എം.) ചട്ടങ്ങളോട് ഉപമിച്ച് ഒരു ആഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

### ആഡിറ്റ് കണ്ടെത്തലുകൾ

3.2.2 ഐ.എസ്.ഒ. അംഗീകാരത്തിനുവേണ്ടി കമ്പനി അധികാരികൾ അംഗീകരിച്ച വാങ്ങൽ നടപടിക്രമങ്ങൾ കമ്പനി പിന്തുടർന്നുവരുന്നു. കമ്പനിയുടെ വാങ്ങൽ നടപടിക്രമങ്ങൾ നിലവിലുള്ള സ്റ്റോർസ് പർച്ചേസ് മാന്വൽ (എസ്.പി.എം.) ചട്ടങ്ങൾക്കും കേന്ദ്ര വിജിലൻസ് കമ്മീഷൻ (സി.വി.സി.) മാർഗ്ഗനിർദ്ദേശങ്ങൾക്കും

അനുസൃതമായിട്ടുള്ളതല്ല. കമ്പനി പിന്തുടർന്നുവരുന്ന വാങ്ങൽ നടപടിക്രമങ്ങൾ കേരളസർക്കാരും അംഗീകരിച്ചിട്ടില്ല. വാങ്ങൽ പ്രക്രിയയ്ക്ക് ബാധകമായിട്ടുള്ള നിയമങ്ങൾ അനുസരിക്കാതിരിക്കുന്നത് താഴെ വിശകലനം ചെയ്തിരിക്കുന്നതുപോലെ കമ്പനിയുടെ വാങ്ങൽ പ്രക്രിയയെ അസാധാരണവും ചെലവേറിയതുമായി മാറ്റിയിരിക്കുന്നു.

**അപര്യാപ്തമായ വിൽപനക്കാരുടെ മൂല്യനിർണ്ണയ സംവിധാനം**

3.2.3 കാർഷിക ഉപകരണങ്ങളുടെ ഉൽപാദനത്തിനായി 1914 വ്യത്യസ്ത തരത്തിലുള്ള സ്പെയറുകൾ കമ്പനിക്ക് ആവശ്യമുണ്ട്. ഓരോ സാമ്പത്തിക വർഷാരംഭത്തിലും നാല് യൂണിറ്റിലേയ്ക്കും ആവശ്യമുള്ള അസംസ്കൃത വസ്തുക്കളുടെ അളവ് നിർണ്ണയിക്കുകയും അതനുസരിച്ച് ആവശ്യത്തിനുള്ള പി.ഒ.കൾ നിലവിലുള്ള പരിമിത വിൽപനക്കാർക്ക്, അവർ മുൻവർഷം നൽകിയിരുന്ന നിരക്കിൽതന്നെ വീതിച്ച് നൽകുകയാണ് പതിവ്.

ഓരോ വിൽപ്പനക്കാരനും നൽകേണ്ട അളവ് നിശ്ചിതപ്പെടുത്തിയിരുന്നത് സ്പെയറുകളുടെ വിലയുടെ അടിസ്ഥാനത്തിലായിരുന്നില്ല. മറിച്ച് കമ്പനി നടത്തിയ വിൽപനക്കാരുടെ പ്രകടന മൂല്യനിർണ്ണയത്തിൽ (മൂല്യനിർണ്ണയം) ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലായിരുന്നു. മുൻ വർഷങ്ങളിലെ ഈടാക്കിയ വില, വിതരണത്തിലുള്ള കൃത്യനിഷ്ഠ, സ്പെയറുകളുടെ പ്രാഥമിക പരിശോധനയ്ക്ക് ശേഷമുള്ള സ്വീകാര്യത[1], ഉൽപാദന പ്രക്രിയാ ഘട്ടത്തിലുള്ള സ്വീകാര്യത[2] എന്നീ മാനദണ്ഡങ്ങൾക്ക് യഥാക്രമം 15 ശതമാനം, 35 ശതമാനം, 25 ശതമാനം, 25 ശതമാനം എന്നിങ്ങനെ പ്രാധാന്യം നൽകിയാണ് മൂല്യനിർണ്ണയം നടപ്പിലാക്കിയിരിക്കുന്നത്.

മൂല്യനിർണ്ണയ സംവിധാനത്തിലെ അപര്യാപ്തത താഴെ വിശദീകരിക്കുന്നു:

- തൊട്ടുമുമ്പിലത്തെ പന്ത്രണ്ട് മാസത്തെ പ്രകടനം വിലയിരുത്തുന്നതിനുപകരം ജനുവരി മുതൽ മാർച്ച് വരെയുള്ള അവസാന മൂന്ന് മാസത്തെ പ്രകടനം അവഗണിച്ച് ഡിസംബർ വരെയുള്ള ആദ്യ ഒമ്പത് മാസത്തെ പ്രകടനം മാത്രമേ മൂല്യനിർണ്ണയ സംവിധാനത്തിൽ പരിഗണിച്ചിട്ടുള്ളൂ. 2013-14 വർഷത്തിൽ അവസാനിച്ച നാല് വർഷങ്ങളിലെ ആറ് സ്പെയേഴ്സിന്റെ സംഭരണ പ്രക്രിയ പരിശോധിച്ചപ്പോൾ വാങ്ങൽ നിർദ്ദേശം നൽകിയിരുന്ന സ്പെയറുകളിൽ 38 ശതമാനം വരെ അളവ് എത്തിക്കുന്നതിൽ വിൽപനക്കാർ വീഴ്ചവരുത്തിയതായി ശ്രദ്ധയിൽപ്പെട്ടു. കമ്പനി ഈ കുറവ് നികത്തുന്നതിന് നിലവിലുള്ള മറ്റ് വിൽപനക്കാരുടെ പക്കൽ നിന്നും അവരുടെ നിരക്കിൽ വാങ്ങിക്കുകയും തൽഫലമായി 3.2.12-ാം ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ അധിക ചെലവ് വരുത്തി വെയ്ക്കുകയും ചെയ്തു.

---

1 വിതരണം നടത്തിയതിൽ നിന്നും സ്വീകരിക്കപ്പെട്ട സാമഗ്രികളുടെ ശതമാന കണക്ക്

2 ഉൽപാദന വിഭാഗം വിജയകരമായി ഉൽപാദനത്തിന് ഉപയോഗിക്കുന്ന സാമഗ്രികളുടെ ശതമാന കണക്ക്

• മൂല്യനിർണ്ണയ സംവിധാനത്തിൽ സ്പെയേഴ്സിന്റെ വിലയ്ക്ക് കുറഞ്ഞ പ്രാധാന്യം (15 ശതമാനം) നൽകുകയും വാങ്ങൽ കരാറുകളിൽ ശിക്ഷാ നടപടി ചട്ടങ്ങൾ ഉൾപ്പെടുത്തി പരിഹരിക്കാമായിരുന്ന മറ്റ് മാനദണ്ഡങ്ങൾക്ക് (വിതരണ കൃത്യനിഷ്ഠ, പ്രാഥമിക പരിശോധനയ്ക്ക് ശേഷമുള്ള സ്വീകാര്യത, ഉൽപാദന പ്രക്രിയാഘട്ടത്തിലുള്ള സ്വീകാര്യത) അമിത പ്രാധാന്യം നൽകുകയും ചെയ്തിരിക്കുന്നു. ഇങ്ങനെ വിതരണ കൃത്യനിഷ്ഠയ്ക്കും സാമഗ്രി സ്വീകാര്യതയ്ക്കും പ്രമുഖ സ്ഥാനം നൽകിയിട്ടുപോലും സാമഗ്രികൾ കൃത്യസമയത്ത് നൽകുന്നതിൽ വിൽപനക്കാർ വീഴ്ചവരുത്തുകയും കാലതാമസം വരുത്തുകയും ചെയ്ത അവസരങ്ങൾ വർദ്ധിച്ച് വരുകയാണ് ഉണ്ടായിട്ടുള്ളത്.

ഇപ്രകാരം ക്രമവിരുദ്ധമായ രീതി സ്വീകരിച്ചതുമൂലം മൂല്യനിർണ്ണയ സംവിധാനം നിഷ്ഫലവും ക്രമവിരുദ്ധവുമായി തീർന്നു. ആയതിനാൽ മൂല്യനിർണ്ണയ സംവിധാനം അടിസ്ഥാനമാക്കിയുള്ള സാമഗ്രികളുടെ സമാഹരണ തീരുമാനങ്ങൾ തികച്ചും തെറ്റായിരുന്നുവെന്ന് ഓഡിറ്റ് കണ്ടെത്തി.

വാർഷിക പി. ഒ. നൽകൽ പ്രക്രിയ ജനുവരിയോടുകൂടി പൂർത്തിയാക്കണ മെന്നുള്ളതിനാലാണ് ജനുവരി മുതൽ മാർച്ച് വരെയുള്ള അവസാന മൂന്നു മാസത്തെ വിൽപനക്കാരുടെ പ്രകടനം മൂല്യനിർണ്ണയ സംവിധാനത്തിൽ പരിഗണിക്കാതി രുന്നതെന്ന് കമ്പനി മറുപടിയിൽ (സെപ്റ്റംബർ 2015) വ്യക്തമാക്കി. കൂടാതെ വാങ്ങൽ പ്രക്രിയ എല്ലാ വിൽപനക്കാർക്കും ഒരുപോലെ ബാധകമായതിനാൽ മൂന്നുമാസത്തെ പ്രകടനം ഒഴിവാക്കിയത് മൂല്യനിർണ്ണയത്തെ ഒരുവിധത്തിലും ബാധിച്ചിട്ടില്ലെന്ന് കമ്പനി അറിയിച്ചു. എന്നിരുന്നാലും ജനുവരി മുതൽ ഡിസംബർ വരെയുള്ള തൊട്ടുമുമ്പത്തെ പന്ത്രണ്ട് മാസത്തെ പ്രകടനം മൂല്യനിർണ്ണയ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിന്റെ പ്രായോഗികത പരിഗണനയിൽ ഉണ്ടെന്ന് കമ്പനി മറുപടിയിൽ (നവംബർ 2015) അറിയിച്ചു.

വിതരണത്തിലുള്ള കൃത്യനിഷ്ഠത എന്ന മാനദണ്ഡത്തിന് അമിത പ്രാധാന്യം (35 ശതമാനം) നൽകിയതിലും ജനുവരി-മാർച്ച് മാസങ്ങളിലെ വിൽപ്പനക്കാരുടെ നിലവാരം കുറഞ്ഞ പ്രകടനം മൂല്യനിർണ്ണയ സംവിധാനത്തിന് പരിഗണിക്കാതിരുന്നതിലും ആ സംവിധാനത്തെ സ്വയമേവ പരാജയപ്പെടുത്തി എന്നതിനാൽ മേൽപറഞ്ഞ മറുപടി സ്വീകാര്യമല്ല.

**പുതിയ വിൽപ്പനക്കാരുടെ രജിസ്ട്രേഷൻ**

3.2.4 എസ്.പി.എം.-ലെ ചട്ടങ്ങൾ പ്രകാരം മൽസരാധിഷ്ഠിതമായ വില വാഗ്ദാനങ്ങൾ കൂടുതലായി ലഭിക്കുന്നതിനുവേണ്ടി കൂടുതൽ അംഗീകൃത വിൽപനക്കാരെ കണ്ടെത്താനുള്ള നടപടികൾ കമ്പനി എടുക്കേണ്ടിയിരിക്കുന്നു. കമ്പനിയുടെ ഗുണമേന്മ സംവിധാന നടപടിക്രമം 4.1.9 പ്രകാരം അംഗീകൃത വിൽപ്പനക്കാരുടെ പട്ടിക

വർഷത്തിൽ ഒരിക്കൽ പുതുക്കേണ്ടതായിരുന്നു. കമ്പനിയുടെ വാങ്ങൽ ചുമതലയുള്ള അംഗീകൃത വിൽപ്പനക്കാരുടെ പട്ടിക വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് പുതിയ വിൽപ്പനക്കാരുടെ അംഗീകാര പട്ടിക പരിശോധിച്ചതിൽ നിന്നും മനസിലാക്കി. കൂടാതെ അംഗീകൃത വിൽപ്പനക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തുമ്പോൾ അവരുടെ സാമ്പത്തിക മികവ്, മുൻകാല പരിചയം, ഉൽപാദനശേഷി മുതലായവ പരിശോധിച്ചിരുന്നില്ല. 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ 112 പുതിയ വിൽപനക്കാരെ അംഗീകൃത പട്ടികയിൽ ഉൾപ്പെടുത്തിയതായി കാണാൻ കഴിഞ്ഞു. എന്നാൽ അംഗീകൃത പട്ടികയിലുള്ള വിതരണക്കാരുടെ എണ്ണം 2010-11-ലെ 229-ൽ നിന്നും 2014-15-ൽ 239-ലേയ്ക്ക് വർദ്ധിച്ചത് 10 വിൽപനക്കാരുടെ മാത്രം അറ്റ വർദ്ധനവാണ് സൂചിപ്പിക്കുന്നത്. ഇത് കമ്പനിയിലെ വിൽപ്പനക്കാരുടെ പട്ടികവിപുലീകരണ സംവിധാനത്തിന്റെ അപര്യാപ്തതയാണ് സൂചിപ്പിക്കുന്നത്. കൂടാതെ വിൽപനക്കാരുടെ പട്ടിക വർഷംതോറും വിപുലീകരിക്കുന്നതിനും കമ്പനിക്ക് കഴിഞ്ഞിട്ടില്ല.

<u>വാങ്ങൽ പ്രകിയയുടെ ആസൂത്രണം</u>

**എസ്.പി.എം. ചട്ടങ്ങൾ ലംഘിച്ചുകൊണ്ടുള്ള വാങ്ങൽ പ്രക്രിയ**

3.2.5 സി.വി.സി. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പൊതുവായ ആവശ്യത്തിനുള്ള വാങ്ങൽ പ്രക്രിയയുടെ മൗലിക തത്വം നിശ്ചിത നിലവാരത്തിലുള്ള സാധനങ്ങളും സേവനങ്ങളും മത്സരാധിഷ്ഠിതമായ വിലയിൽ ന്യായവും പക്ഷപാതരഹിതവും സുതാര്യവുമായ രീതിയിൽ വാങ്ങുക എന്നതാണ്. ഇതിനായി പദ്ധതി അനുസരിച്ച് പ്രവർത്തിക്കുന്നതും ഏകരൂപമുള്ളതുമായ തീരുമാനമെടുക്കൽ സംവിധാനം ഉറപ്പാക്കുന്നതിനാവശ്യമായ ഒരു വാങ്ങൽ പ്രക്രിയ നിയമാവലി ആവശ്യമാണ്. മാത്രമല്ല, ആ നിയമാവലിയിൽ വിശദമായ വാങ്ങൽ നടപടിക്രമങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, അധികാര നിർവചനം എന്നിവ ഉൾപ്പെടുത്തിയിരിക്കേണ്ടതുമാണ്. കേരള സർക്കാർ എസ്.പി.എം. ചട്ടങ്ങൾ കേരളത്തിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുണ്ടെന്നത് എടുത്തു പറയേണ്ട ഒരു വസ്തുതയാണ്.

ഐ.എസ്.ഒ. അംഗീകാരത്തിനുവേണ്ടി തയ്യാറാക്കിയതും കമ്പനി അംഗീകരിച്ചതുമായ വാങ്ങൽ നടപടിക്രമമാണ് കമ്പനി പിൻതുടർന്നുവരുന്നത് എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. പക്ഷേ, ഈ നടപടിക്രമങ്ങൾ കേരളസർക്കാരിന്റെ എസ്.പി.എം. ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതാണ്. ഇപ്രകാരം എസ്.പി.എം. ചട്ടങ്ങൾക്കനുസൃതമായ ഒരു വാങ്ങൽ പ്രക്രിയാ നിയമാവലിയുടെ അഭാവം വരും ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ അയഥാർത്ഥമായ ആവശ്യകതാ നിർണ്ണയത്തിലേയ്ക്കും അനാവശ്യ ചെലവിലേയ്ക്കും നയിച്ചു.

ആരംഭകാലം മുതൽക്ക തന്നെ സ്പെയറുകളുടെ വാങ്ങൽ പ്രക്രിയകളിൽ എസ്.പി.എം. ചട്ടങ്ങൾ പാലിച്ചിട്ടില്ലെന്ന് കമ്പനി മറുപടി (സെപ്റ്റംബർ 2015) നൽകുകയുണ്ടായി. ഐ.എസ്.ഒ. അംഗീകാരമുള്ള സ്ഥാപനം എന്ന നിലയ്ക്ക് ഐ.എസ്.ഒ. അംഗീകാരത്തിനായി തയ്യാറാക്കിയ വാങ്ങൽ നടപടിക്രമങ്ങൾ മാത്രമാണ് പിൻതുടർന്നു വരുന്നതെന്ന് അറിയിച്ചു. (നവംബർ 2015)

കേരളത്തിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും എസ്.പി.എം. ചട്ടങ്ങൾ ബാധകമാണെന്നതിനാലും കമ്പനി പിൻതുടർന്നുവരുന്ന ഐ.എസ്.ഒ. ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ എസ്.പി.എം. ചട്ടങ്ങൾക്ക് അനുസരിച്ചിട്ടുള്ളതല്ല എന്നതിനാലും കമ്പനിയുടെ മറുപടി സ്വീകാര്യമല്ല.

**യാഥാർത്ഥ്യബോധമില്ലാത്ത ആവശ്യകതാ നിർണ്ണയം**

3.2.6 എസ്.പി.എം. ചട്ടം 6.1 പ്രകാരം ഓരോ വർഷവും ആവശ്യമായ സ്പെയറുകളുടെ ഏകദേശം അളവ് വാങ്ങൽ അധികാരി നിർണ്ണയിക്കേണ്ടതുണ്ട്. കഴിഞ്ഞ മൂന്ന് മുതൽ അഞ്ച് വർഷങ്ങളിലെ ശരാശരി ഉപഭോഗത്തെയും അത്തരം ഉപഭോഗത്തെ സ്വാധീനിക്കാവുന്ന ഘടകങ്ങൾ ഉണ്ടെങ്കിൽ അവയെയും അടിസ്ഥാനമാക്കി ഓരോ സാമ്പത്തിക വർഷാവസാനവും അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ആവശ്യമുള്ള സ്പെയറുകളുടെ അളവ് യാഥാർത്ഥ്യബോധത്തോടെ നിർണ്ണയിക്കേണ്ടതാണ്.

കമ്പനി സ്പെയറുകളുടെ ആവശ്യകത നിർണ്ണയിക്കുന്നത് പ്രതീക്ഷിത ഉൽപാദനത്തിന്റെ അടിസ്ഥാനത്തിലാണ്. പ്രതീക്ഷിത ഉൽപാദനത്തിന്റെ അളവ് കമ്പനിയുടെ മാർക്കറ്റിംഗ് വിഭാഗം തയ്യാറാക്കുന്നത് പ്രതീക്ഷിത വിൽപനയെ അടിസ്ഥാനമാക്കിയാണ്. എന്നാൽ മാർക്കറ്റിംഗ് വിഭാഗം തയ്യാറാക്കുന്ന ഈ വിൽപന അളവിന് ഒരു അടിസ്ഥാനം നൽകുന്നതിന് കമ്പനി അധികാരികൾക്ക് സാധിക്കാതിരിക്കുന്നതിനാൽ അത് തീർത്തും അടിസ്ഥാനരഹിതമാണ്.

- കമ്പനി നിർണ്ണയിച്ച ടില്ലറുകളുടെ പ്രതീക്ഷിത ഉൽപാദന അളവിനെ എസ്.പി.എം. ചട്ടങ്ങൾ അനുസരിച്ച് നിർണ്ണയിച്ച പ്രതീക്ഷിത ഉൽപാദന അളവുമായും യഥാർത്ഥ ഉൽപാദന അളവുമായും താരതമ്യപ്പെടുത്തിയിരിക്കുന്നത് പട്ടിക 3.3-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.3: ടില്ലറുകളുടെ പ്രതീക്ഷിത ഉൽപാദനവും യഥാർത്ഥ ഉൽപാദനവും**

(ടില്ലറുകളുടെ എണ്ണം)

| വർഷം | പ്രതീക്ഷിത ഉൽപാദന അളവ് | | യഥാർത്ഥ ഉൽപാദന അളവ് |
|---|---|---|---|
| | കമ്പനി ചെയ്തത് അനുസരിച്ച് | എസ്.പി.എം. അനുസരിച്ച് | |
| 2010-11 | 15000 | 9705 | 12182 |
| 2011-12 | 24000 | 10884 | 13478 |
| 2012-13 | 21000 | 12161 | 12085 |
| 2013-14 | 16000 | 12582 | 14577 |
| 2014-15 | 16500 | 13380 | 11825 |

കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി ഉപഭോഗത്തെ അടിസ്ഥാനപ്പെടുത്തി എസ്.പി.എം. ചട്ടങ്ങൾ അനുസരിച്ച് തയ്യാറാക്കിയ 2010-11 മുതൽ 2014-15 കാലയളവിലെ പ്രതീക്ഷിത ഉൽപാദനം 9,705-നും 13,380-നും ഇടയിലാണ്. എന്നാൽ കമ്പനി അതേ കാലയളവിൽ നിർണ്ണയിച്ചിരിക്കുന്ന പ്രതീക്ഷിത ഉൽപാദനം 15,000-നും 24,000-നും ഇടയിലാണ്. അസാധാരണമായ ഈ വർദ്ധനവിനെ ന്യായീകരിക്കാനാവുന്ന കാരണങ്ങൾ ഒന്നും തന്നെ കാണുന്നില്ല.

ഇപ്രകാരം പെരുപ്പിച്ചുകാട്ടിയ ഉൽപാദന അളവിനെ അടിസ്ഥാനപ്പെടുത്തി നടത്തിയ സ്പെയറുകളുടെ വാങ്ങൽ ആസൂത്രണം തെറ്റായ ആവശ്യകതാ നിർണ്ണയത്തിലേക്കും അനന്തരഫലമായി സ്പെയറുകളുടെ അനാവശ്യ വാങ്ങലുകളിലേക്കും നയിച്ചു. ഇതുമൂലം ഭീമമായ തുക പ്രയോജനരഹിതമായി കിടക്കുകയും തൽഫലമായി താഴെ പറയുന്ന വിധത്തിൽ ₹ 2.44 കോടിയുടെ പലിശനഷ്ടത്തിനും കാരണമായി.

- 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ കുമിഞ്ഞു കൂടിക്കിടന്ന ടില്ലർ സ്പെയറുകൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ 2373 ദിവസങ്ങളിലേക്കുവരെ ഉപയോഗിക്കാനുള്ളത്ര അളവ് 714 തരം സ്പെയറുകൾ കമ്പനിയിൽ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഒരു വർഷത്തേക്ക് ആവശ്യമുള്ള സ്പെയറുകൾ പ്രതിമാസ അളവ് നിശ്ചയിച്ച് പി.ഒ. നൽകുകയായിരുന്നു പതിവ്. 30 ദിവസത്തേക്ക് ഉപയോഗത്തിനുള്ള അളവ് ഒരു അളവുകോലായി പരിഗണിച്ച് അതിൽ കവിഞ്ഞുള്ള സ്പെയറുകൾ കുമിഞ്ഞു കൂടിയത് വില നിർണ്ണയം ചെയ്തപ്പോൾ ₹ 25.42 കോടി പ്രയോജനരഹിതമായി കിടക്കുകയും തൽഫലമായി ₹ 2.03 കോടിയുടെ പലിശ നഷ്ടം ഉണ്ടാക്കുകയും ചെയ്തു.

- സ്പെയറുകൾ വാങ്ങിച്ചത് ആവശ്യകത പരിഗണിച്ച് മാത്രമാണെന്നും പി.ഒ.യ്ക്ക് അനുയോജ്യമായ പുനഃക്രമീകരണങ്ങൾ നടത്തിയതിനാൽ സ്പെയറുകൾ കുമിഞ്ഞുകൂടി കിടന്നിട്ടില്ലെന്നും കമ്പനി മറുപടി (നവംബർ 2015) നൽകി. എന്നാൽ പി.ഒ. പുനഃക്രമീകരിച്ചതിനുശേഷവും 2373 ദിവസങ്ങളിലേയ്ക്കുള്ള ഉപഭോഗത്തിന് ആവശ്യമായ സ്പെയറുകൾ കുമിഞ്ഞുകൂടി കിടന്നിരുന്നു എന്നതിനാൽ മറുപടി സ്വീകാര്യമല്ല.

- പുതിയതായി സ്ഥാപിച്ച ട്രാക്ടർ യൂണിറ്റിൽ പുതിയ തൊഴിലാളികളെ ജോലിക്കെടുക്കുന്നതിന് ബഹു. ഹൈക്കോടതി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ (ഏപ്രിൽ 2011) നിലനിൽക്കേ ₹ 2.63 കോടി ചെലവാക്കി 180 കൂട്ടം ട്രാക്ടർ ഘടകങ്ങൾ ഇറക്കുമതി ചെയ്തു. (ഫെബ്രുവരി/ജൂലൈ 2012) അത്താണി യൂണിറ്റിൽ നിന്നും തൊഴിലാളികളെ പുനർവിന്യസിച്ച് നാമമാത്ര ഉൽപാദനം ആരംഭിച്ചെങ്കിലും (മാർച്ച് 2013) തൊഴിൽ ശക്തിയുടെ അപര്യാപ്തതമൂലം മാർച്ച് 2015-വരെ 125 കൂട്ടം ഘടകങ്ങൾ മാത്രമേ ഉപയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. സ്പെയറുകളുടെ ആവശ്യകതാ നിർണ്ണയത്തിന് സ്വാധീനിക്കുന്ന ഘടകങ്ങൾ പരിഗണിക്കുന്നതിൽ കമ്പനി അധികാരികൾക്കുണ്ടായ പരാജയം മൂന്ന് വർഷം വരെ ട്രാക്ടർ സ്പെയറുകൾ കെട്ടിക്കിടക്കാൻ ഇടയാവുകയും തൽഫലമായി ₹0.41 കോടിയുടെ പലിശ നഷ്ടം ഉണ്ടാകുകയും ചെയ്തു.

- ട്രാക്ടർ സ്പെയറുകൾ വാങ്ങിച്ചത് വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉത്പാദനം ലക്ഷ്യം വച്ചായിരുന്നുവെന്നും കമ്പനിയുടെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ തൊഴിലാളികളെ ജോലിക്കെടുക്കാൻ സാധിക്കാതിരുന്നതു കൊണ്ടാണ് ഉല്പാദനം പ്രതീക്ഷിച്ചതുപോലെ നടത്താൻ കഴിയാതിരുന്നതെന്ന് കമ്പനി മറുപടി നൽകി. (നവംബർ 2015)

- പുതിയ തൊഴിലാളികളെ നിയമിക്കുന്നതിന് കോടതി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നിലവിലിരിക്കെയാണ് ഉത്പാദന ഘടകങ്ങൾ ഇറക്കുമതി ചെയ്തതെന്നതിനാൽ മറുപടി സ്വീകാര്യമല്ല.

**സ്പെയറുകളുടെ വാങ്ങൽ പ്രക്രിയ**

3.2.7 മത്സരസ്വഭാവം, പക്ഷപാതരാഹിത്യം എന്നിവ ഉറപ്പാക്കിക്കൊണ്ടും സ്വേച്ഛാപരതയില്ലായ്മ ഒഴിവാക്കിക്കൊണ്ടുമുള്ള ഒരു വാങ്ങൽ സംവിധാനത്തിലൂടെ സുതാര്യമായ രീതിയിൽ പൊതു ആവശ്യത്തിനുള്ള വാങ്ങൽ നടപടിക്രമങ്ങൾ നിർവഹിക്കേണ്ടതാണ്. ഇത്തരം എല്ലാ വാങ്ങൽ പ്രക്രിയകളും ഏറ്റവും കുറഞ്ഞ ന്യായമായ വില ഉറപ്പാക്കാനുതകുന്നതും ആയിരിക്കണം. എന്നാൽ താഴെ വിശദീകരിച്ചിരിക്കുന്നതുപോലെ കമ്പനിയിൽ അങ്ങനെ ഒരു വാങ്ങൽ സംവിധാനം നിലവിലില്ലായിരുന്നു.

**ടെണ്ടർ മുഖേനയല്ലാതെയുള്ള സ്പെയറുകളുടെ വാങ്ങൽ**

3.2.8 എസ്.പി.എം. ചട്ടം 7.7 പ്രകാരം ₹ 10 ലക്ഷത്തിനു മുകളിൽ മൂല്യമുള്ള വാങ്ങലുകൾ പരസ്യടെണ്ടർ നടപടി ക്രമങ്ങളിൽ കൂടെയും ₹ 1 ലക്ഷത്തിനും ₹ 10 ലക്ഷത്തിനും ഇടയിൽ മൂല്യമുള്ള വാങ്ങലുകൾ പരിമിത ടെണ്ടർ മുഖേനയും ₹ 15,000-നും ₹ 1 ലക്ഷത്തിനും ഇടയിൽ മൂല്യമുള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖേനയും വാങ്ങാവുന്നതാണ്.

കമ്പനി ഒരിക്കൽപോലും എസ്.പി.എം. നിഷ്കർഷിക്കുന്നതുപോലുള്ള ടെണ്ടർ പ്രക്രിയ പിന്തുടർന്നിട്ടില്ല. 2010-11 മുതൽ 2014-15 വരെ കാലയളവിൽ കമ്പനി ₹ 813.06 കോടി മൂല്യമുള്ള 1914 തരം സ്പെയറുകൾക്ക് 4113 പി.ഒ. കൾ വിവിധ വിൽപനക്കാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ പി.ഒ.കളിൽ ഒന്നുപോലും ടെണ്ടർ/ക്വട്ടേഷൻ പ്രകിയകളിലൂടെയല്ല നൽകിയിട്ടുള്ളത്. ഇത് താഴെയുള്ള പട്ടികയിൽ നൽകിയിരിക്കുന്നു.

**പട്ടിക 3.4: വാങ്ങലുകളുടെ വിശദാംശങ്ങൾ**

| പി.ഒ.യുടെ മൂല്യം | എസ്.പി.എം. നിർദ്ദേശിക്കുന്ന വാങ്ങൽ പ്രക്രിയ | കൊടുത്ത പി.ഒ.കളുടെ എണ്ണം | ഉൾപ്പെട്ട പണം (₹ കോടിയിൽ) | കമ്പനി പിന്തുടരുന്ന സമ്പ്രദായം |
|---|---|---|---|---|
| ₹ 15000 വരെ | ക്വട്ടേഷൻ ഇല്ലാതെ | 398 | 0.23 | ക്വട്ടേഷൻ ഇല്ലാതെ |
| ₹ 15000-ത്തിനും ₹ 1 ലക്ഷത്തിനും ഇടയിൽ | ക്വട്ടേഷൻ പ്രകാരം | 715 | 3.62 | ക്വട്ടേഷൻ ഇല്ലാതെ |
| ₹ 1 ലക്ഷത്തിനും ₹ 10 ലക്ഷത്തിനുമിടയിൽ | പരിമിത ദർഘാസ് | 1547 | 62.99 | ദർഘാസ് ഇല്ലാതെ |
| ₹ 10 ലക്ഷത്തിനു മുകളിൽ | തുറന്ന ദർഘാസ് | 1453 | 746.22 | ദർഘാസ് ഇല്ലാതെ |
| **ആകെ** | | **4113** | **813.06** | |

ടെണ്ടർ/ക്വട്ടേഷൻ പ്രക്രിയയിലൂടെ നൽകേണ്ടിയിരുന്ന 3715[3] പി.ഒ. കളും അങ്ങനെ ചെയ്യാതെ നിലവിലുള്ള ഏക/പരിമിത വിൽപനക്കാരന് അന്ന് നിലവിലുണ്ടായിരുന്ന വിലയ്ക്ക് പി.ഒ.കൾ നൽകുകയാണുണ്ടായത്. ഈ ആഡിറ്റ് വിശകലന കാലയളവിൽ ₹ 266 കോടി മൂല്യമുള്ള സ്പെയറുകൾ 19 വിൽപനക്കാരിൽ നിന്നാണ് വാങ്ങിയത്.

3 ആകെയുള്ള 4113 പി.ഒ.കളിൽ നിന്നും ₹ 15,000 വരെയുള്ള 398 പി.ഒ.കൾ കുറച്ചത്.

ഈ ക്രമവിരുദ്ധ വാങ്ങൽ പ്രക്രിയയിലൂടെ പ്രയോജനമുണ്ടാക്കിയിട്ടുള്ള പ്രമുഖർ ശ്രീഗണേഷ് ഗിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഓട്ടോകാസ്റ്റ് ലിമിറ്റഡ്, ടോളിൻസ് ടയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഫെയർ ഫീൽഡ് അറ്റ്‌ലസ് ലിമിറ്റഡ് എന്നിവരാണ്. അതിലുപരി, 31 വ്യത്യസ്ത തരം സ്പെയറുകൾ പ്രധാനമായും ശ്രീഗണേഷ് ഗിയേർസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന വിൽപനക്കാരനിൽ നിന്ന് കമ്പനി വാങ്ങിയിട്ടുണ്ട്.

മറ്റു വില്പനക്കാരുടെ സേവനം കമ്പോളത്തിൽ ലഭ്യമായിരിക്കേ പരിമിത എണ്ണം വില്പനക്കാരിൽ നിന്നും വാങ്ങിയത് കൊണ്ട് വാങ്ങൽ പ്രക്രിയയുടെ അടിസ്ഥാനതത്വമായ മത്സരാധിഷ്ഠിത വില ഉറപ്പാക്കൽ അവഗണിച്ച് സ്പെയറുകൾ വാങ്ങുകയാണ് കമ്പനി ചെയ്തത്.

ഭൂരിഭാഗം സ്പെയറുകളും കമ്പനിക്കുവേണ്ടി പ്രത്യേകമായി രൂപകല്പന ചെയ്തവയാണെന്നും അതിനാൽ വ്യാജസ്പെയർ നിർമ്മാതാക്കൾ ദുരുപയോഗം ചെയ്തേക്കാമെന്നുള്ളത് കൊണ്ട് അവയുടെ മാതൃക മറ്റുള്ളവർക്ക് വെളിപ്പെടുത്താനാവില്ലെന്നാണ് കമ്പനി നൽകിയ മറുപടി (സെപ്റ്റംബർ 2015). വ്യാജസ്പെയറിന്റെ നിർമ്മാണം തടയുന്നതിനായി സ്പെയറുകളിൽ കമ്പനിമുദ്ര പതിപ്പിക്കുന്നതുപോലെയുള്ള മാർഗങ്ങൾ നേരത്തേതന്നെ കമ്പനി സ്വീകരിച്ചിട്ടുണ്ട് എന്നുള്ളതിനാൽ ഈ മറുപടി സ്വീകാര്യമല്ല. കൂടാതെ സ്പെയറുകളുടെ മാതൃക നേരത്തെതന്നെ നൽകിയിട്ടുള്ള നിലവിലുള്ള അംഗീകൃത വിൽപനക്കാരുടെ ഇടയിൽപോലും മത്സരാധിഷ്ഠിത ടെണ്ടറിംഗിന് കമ്പനി തയ്യാറായിട്ടില്ല.

**ഉയർന്ന വിലയ്ക്ക് വാങ്ങിയതു മൂലമുണ്ടായ അധികച്ചെലവ്**

3.2.9 വിൽപനക്കാർക്ക് സ്പെയറുകൾ വാങ്ങുന്നതിനായി പി.ഒ.കൾ നൽകുമ്പോൾ മറ്റ് വില്പനക്കാർ കുറഞ്ഞ വിലയ്ക്ക് അതേ സ്പെയറുകൾ നൽകിക്കൊണ്ടിരുന്നത് കമ്പനി പരിഗണിച്ചിട്ടില്ല. ഏറ്റവും കുറഞ്ഞ വിലയ്ക്ക് സ്പെയറുകൾ നൽകുന്ന ആൾക്ക് മുൻഗണന നൽകുന്നതിനുപകരം ഒരു വർഷത്തേയ്ക്ക് ആവശ്യമായ സ്പെയറുകൾ നിലവിലുള്ള എല്ലാ വില്പനക്കാർക്കുമായി മൂല്യനിർണ്ണയ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ വീതിച്ചു കൊടുത്തു. കൂടാതെ ഏതെങ്കിലും വിൽപനക്കാരൻ നൽകിയിരുന്ന സ്പെയറുകൾ മറ്റ് വിൽപനക്കാരിൽ നിന്നും ഉയർന്ന വിലയ്ക്ക് വാങ്ങുകയുണ്ടായി.

ഓരോ സ്പെയറിന്റെയും വാങ്ങിയ വിലയിലുള്ള അന്തരം ആഴത്തിൽ വിശകലനം ചെയ്തപ്പോൾ വാർഷിക പി.ഒ.വഴി വ്യത്യസ്ത വിൽപനക്കാരിൽ നിന്നും വ്യത്യസ്ത നിരക്കിൽ ഒരു വർഷത്തേയ്ക്കുള്ള സ്പെയറുകൾ വാങ്ങിയതായി കണ്ടെത്തി. ആഡിറ്റ് വിശകലന കാലയളവിൽ സ്പെയറുകൾ താഴ്ന്ന നിരക്കിൽ വാങ്ങാതെ ഉയർന്ന നിരക്കിൽ വാങ്ങിയതിന്റെ ഫലമായി പട്ടിക 3.5-ൽ വിശദീകരിച്ചിരിക്കുന്നതുപോലെ ₹ 43.89 കോടി അനാവശ്യ ചെലവായി.

പട്ടിക 3.5: ഉയർന്ന വിലയ്ക്കുള്ള സ്പെയറുകളുടെ വാങ്ങൽ

| വർഷം | പരിശോധിച്ച പി.ഒ.കളുടെ എണ്ണം | ഏറ്റവും കുറഞ്ഞ നിരക്കിലല്ലാതെ വാങ്ങിയ പി.ഒ.കളുടെ എണ്ണം | ആകെ വാങ്ങൽ മൂല്യം (₹ കോടിയിൽ) | കുറഞ്ഞ നിരക്കിലെ വാങ്ങൽ മൂല്യം (₹ കോടിയിൽ) | അധികച്ചെലവ് (₹ കോടിയിൽ) |
|---|---|---|---|---|---|
| 2010-11 | 874 | 574 | 122.06 | 111.73 | 10.33 |
| 2011-12 | 765 | 601 | 148.72 | 135.56 | 13.16 |
| 2012-13 | 760 | 541 | 132.75 | 124.30 | 8.45 |
| 2013-14 | 748 | 463 | 151.12 | 143.62 | 7.50 |
| 2014-15 | 688 | 487 | 110.41 | 105.96 | 4.45 |
| **ആകെ** | **3835** | **2666** | **665.06** | **621.17** | **43.89** |

വാങ്ങൽ പ്രക്രിയ എസ്.പി.എം. ചട്ടങ്ങൾ അനുസരിച്ച് നടപ്പിലാക്കുന്നതിൽ കമ്പനിക്കുണ്ടായ ഒഴിവാക്കാമായിരുന്ന പരാജയത്തിന് കാരണക്കാരായ കമ്പനി അധികാരികളെ കണ്ടെത്തി ബാധ്യസ്ഥരാക്കേണ്ടതുണ്ട്.

ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്യുന്ന വിൽപനക്കാരിൽ നിന്നും അവരുടെ ഉലപാദനശേഷിക്കനുസരിച്ച് പരമാവധി അളവ് സ്പെയറുകൾ വാങ്ങാറുണ്ടെന്നും ബാക്കി അളവു മാത്രമേ മറ്റുള്ളവരിൽ നിന്നും വാങ്ങേണ്ടിവന്നുള്ളുവെന്നും കമ്പനി മറുപടി പറഞ്ഞു. (നവംബർ 2015)

പി.ഒ.കൾ നൽകാറുള്ളത് മൂല്യനിർണ്ണയ സംവിധാനത്തിനടിസ്ഥാനത്തിൽ മാത്രമാണെന്നതുകൊണ്ടും ഒരുഘട്ടത്തിലും വിതരണക്കാരുടെ ഉൽപാദനശേഷി പരിഗണിക്കാറില്ലെന്നതുകൊണ്ടും ഈ മറുപടി സ്വീകാര്യമല്ല. വിൽപനക്കാരുമായി കൂടിയാലോചന നടത്തി വിലകുറയ്ക്കുന്നതിനുള്ള നടപടികൾ എടുക്കണമെന്ന് സർക്കാർ ജനുവരി 2016-ൽ നടത്തിയ എക്സിറ്റ് കോൺഫറൻസിൽ കമ്പനിക്ക് നിർദ്ദേശം നൽകി.

**ഏകവിൽപ്പനക്കാരനിൽ നിന്നുള്ള വാങ്ങൽ**

3.2.10 എസ്.പി.എം. ചട്ടം 7.20 പ്രകാരം ₹ 10,000-ത്തിൽ കുറവുള്ള വാങ്ങലുകളും ഏക ഉൽപ്പാദകൻ മാത്രമുള്ള വസ്തുക്കളുടെ വാങ്ങലുകളും മാത്രമേ ഏക വിൽപനക്കാരനിൽ നിന്നും വാങ്ങുവാൻ അനുമതിയുള്ളു.

2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ കമ്പനിക്ക് ആവശ്യമുള്ള ആകെയുള്ള 1914 സ്പെയറുകളിൽ ₹ 179.35 കോടി മൂല്യം വരുന്ന ഒന്നിലധികം ഉത്പാദകരുള്ള 559 സ്പെയറുകൾ (29.21 ശതമാനം) ഏക വിൽപനക്കാരിൽ നിന്നാണ് വാങ്ങിയത്. മൽസരമില്ലാത്ത കുത്തകവില നിശ്ചയത്തിന്റെ പ്രധാന ഗുണഭോക്താക്കൾ പട്ടിക 3.6-ൽ പറയുന്നവരാണ്.

**പട്ടിക 3.6: ഏകവിൽപ്പനയുടെ പ്രധാന ഗുണഭോക്താക്കൾ**

| വില്പനക്കാരന്റെ പേര് | സ്പെയർ | ഏകവില്പനക്കാരിലൂടെ വാങ്ങിയ കാലഘട്ടം | തുക (₹ കോടിയിൽ) |
|---|---|---|---|
| ബോംബെ ഫോർജിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ് | ക്രാങ്ക് ഷാഫ്റ്റ് | 2012-13 മുതൽ 2013-14 വരെ | 3.34 |
| കെ.എൽ.എൻ എഞ്ചിനീയറിംഗ് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | എയർ ക്ലീനർ അസംബ്ലി | 2010-11 മുതൽ 2014-15 വരെ | 3.12 |
| ടോളിൻസ് ടയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | ടയർ 6.00x12 | 2014-15 | 3.12 |
| ലാ-കാസ്റ്റ് മെറ്റൽസ് & കമ്പനി പ്രൈവറ്റ് ലിമിറ്റഡ് | പിസ്റ്റൻ | 2010-11 മുതൽ 2013-14 വരെ | 2.94 |
| ഫാൽകൻ ടയേഴ്സ് | ടയർ 18x7-8 | 2010-11 മുതൽ 2013-14 വരെ | 2.05 |
| അമർ മീറ്ററിംഗ് പമ്പ്സ് | ഓയിൽ പമ്പ് അസംബ്ലി | 2010-11 മുതൽ 2013-14 വരെ | 1.51 |

കമ്പോളത്തിൽ പകരക്കാരായി മറ്റ് വിൽപ്പനക്കാർ ഉണ്ടായിരുന്നിട്ടും 2010-11 മുതൽ 2014-15 വരെ കാലയളവിൽ ധാരാളം വിൽപ്പനക്കാരെ ഏക വിൽപ്പനക്കാരായി തുടരാൻ കമ്പനി അനുവദിക്കുകയും അതുവഴി കമ്പനിയുടെ വാങ്ങൽ സംവിധാനത്തിന്റെ സുതാര്യതയും വില നിശ്ചയത്തിലുണ്ടാകേണ്ടിയിരുന്ന മത്സര സ്വഭാവവും ഇല്ലാതായി.

ഏക ഉൽപാദകർ ആയിരുന്നതുകൊണ്ടാണ് അത്തരം ഉൽപാദകരിൽ നിന്നും വാങ്ങിയതെന്ന് കമ്പനി മറുപടി നൽകി (സെപ്റ്റംബർ 2015) പകരക്കാരായ മറ്റ് വിൽപ്പനക്കാർ കനത്ത വില ആവശ്യപ്പെട്ടതിനാലാണ് ഏക വിൽപ്പനക്കാരെ ആശ്രയിക്കേണ്ടിവന്നതെന്നും കമ്പനി അറിയിച്ചു (നവംബർ 2015).

ഏക വിൽപ്പനക്കാരിൽ നിന്നും വാങ്ങിയ 559 സ്പെയറുകളിൽ ഒന്നിലധികം ഉൽപാദകരുള്ളതുകൊണ്ടും പകരക്കാരായ മറ്റ് വിൽപ്പനക്കാരെ കണ്ട് പിടിക്കാൻ കമ്പനി പരാജയപ്പെട്ടു എന്നതിനാലും കമ്പനിയുടെ മറുപടി വസ്തുതാപരമായി ശരിയല്ല. ഈ വിഷയം ഗൗരവമേറിയതായതിനാൽ കമ്പനിയുടെ പ്രവർത്തനം ശരിയായ ദിശയിലാക്കുന്നതിനായി സർക്കാരിന്റെ വിശദമായ ഒരു അന്വേഷണം ആവശ്യമാണ്.

**വിലയുടെ യുക്തി ഭദ്രത ഉറപ്പിക്കാതെ നടത്തിയ വാങ്ങൽ പ്രക്രിയ**

3.2.11 എസ്.പി.എം. ചട്ടം 9.46 പ്രകാരം പി.ഒ. നൽകുന്നതിന് മുമ്പായി വാങ്ങൽ വിലയുടെ യുക്തി ഭദ്രത ഉറപ്പുവരുത്തേണ്ടതുണ്ട്. സമാന വസ്തുക്കളുടെ നിലവിലുള്ള കമ്പോള വില, അത്തരം വസ്തുക്കൾ ഉൽപാദിപ്പിക്കാൻ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ വില എന്നിവ അടിസ്ഥാനപ്പെടുത്തി ഒരു സ്പെയറിന്റെ ന്യായവില കണ്ടുപിടിക്കാൻ കഴിയും (9.47)

വിവിധ സ്പെയറുകളുടെ ന്യായവില കണ്ടുപിടിക്കുന്നതിനായി 2009-10 അടിസ്ഥാന വർഷമായി പരിഗണിച്ച് സ്പെയറുകളുടെ വിലയിലുണ്ടായ വർദ്ധനവിന്റെ നിരക്ക് ആഡിറ്റ് കണക്കാക്കി. സ്പെയറുകളുടെ യഥാർത്ഥ വാങ്ങിയ വിലയിലുണ്ടായ വർദ്ധനവിനെ ആ സ്പെയറിന്റെ അല്ലെങ്കിൽ അതുണ്ടാക്കാൻ ആവശ്യമായ അടിസ്ഥാന വസ്തുവിന്റെ മൊത്തവില നിലവാര സൂചികയിലുണ്ടായ വർദ്ധനവിനോട് താരതമ്യപ്പെടുത്തി. അടിസ്ഥാന വസ്തുവിന്റെ സൂചികയിലുണ്ടായ[4] വർദ്ധനവ്, അതിലടങ്ങിയിരിക്കുന്ന വസ്തുവിന്റെ വിലയിലും അതിന്റെ പരിവർത്തന ചെലവിലും ഉണ്ടായ വർദ്ധനവിനെ പ്രതിനിധീകരിക്കുന്നു. ആയതിനാൽ ഒരു സ്പെയറിന്റെ വിലയിലുണ്ടാകുന്ന വർദ്ധനവ് സാധാരണഗതിയിൽ ആ സ്പെയറിന്റെ അല്ലെങ്കിൽ അതുണ്ടാക്കാനാവശ്യമായ അടിസ്ഥാന വസ്തുവിന്റെ സൂചികയിലുള്ള വർദ്ധനവിന് തുല്യമായിരിക്കും. ഏറ്റവും ഉയർന്ന വിലയുള്ള 85 ടില്ലർ സ്പെയറുകളിൽ നിന്നും 53 സ്പെയറുകളുടെ വില വിശകലനം ചെയ്യുകയുണ്ടായി, ആഡിറ്റ് നടത്തിയ വിശകലനത്തിൽ 10 സ്പെയറുകളുടെ വില ന്യായമായി കാണപ്പെട്ടപ്പോൾ 125 വിൽപ്പനക്കാരിൽ നിന്നും വാങ്ങിയ ബാക്കിയുള്ള 43 സ്പെയറുകളുടെ വില ന്യായമല്ലാത്ത ഉയർന്ന നിലയിലായിരുന്നു. യഥാർത്ഥത്തിൽ നൽകിയ വില ന്യായ വിലയേക്കാൾ 50.72 ശതമാനം അധികമായിരുന്നു. ഈ 43 സ്പെയറുകളുടെ ന്യായമായ വില ₹ 170.62 കോടി ആയിരിക്കെ കമ്പനി ഈ സ്പെയറുകൾ ₹ 185.93 കോടി നൽകി വാങ്ങുകയും തൽഫലമായി 2010-11 മുതൽ 2014-15 വരെ കാലയളവിൽ താഴെ വിശദീകരിച്ചിരിക്കുന്ന വിധം ഏകദേശം ₹ 15.31 കോടിയുടെ അധിക ചെലവിൽ കലാശിക്കുകയും ചെയ്തു.

---

4 ഭാരത സർക്കാരിന്റെ വാണിജ്യവ്യവസായ മിനിസ്ട്രിയിലെ സാമ്പത്തിക ഉപദേഷ്ടാവ് പ്രസിദ്ധീകരിക്കുന്ന മൊത്ത വിലനിലവാര സൂചിക മൊത്ത വ്യാപാര മാർക്കറ്റിലെ വ്യവസായിക സാമഗ്രികളുടെ നിലവിലുള്ള വിലയുടെ വിശ്വാസയോഗ്യമായ സൂചികയാണ്.

**പട്ടിക 3.7: യുക്തിഭദ്രമല്ലാത്ത ഉയർന്ന വിലയ്ക്ക് സ്പെയറുകളുടെ വാങ്ങൽ**

| അടിസ്ഥാന വസ്തു | സ്പെയറുകളുടെ എണ്ണം | മൊത്തവില നിലവാര സൂചിക അടിസ്ഥാനമാക്കി നിർണ്ണയിച്ച ന്യായമായ വില (₹ കോടിയിൽ) | വാങ്ങലിന് വേണ്ടി ചെലവഴിച്ച തുക (₹ കോടിയിൽ) | അധിക ചെലവ് (₹ കോടിയിൽ) |
|---|---|---|---|---|
| കാസ്റ്റ് അയൺ | 20 | 70.88 | 79.97 | 9.09 |
| അലൂമിനിയം കാസ്റ്റിംഗ്സ് | 3 | 4.24 | 5.61 | 1.37 |
| അലൂമിനിയം അലോയ് | 1 | 6.06 | 6.16 | 0.10 |
| സ്റ്റീൽ റോഡ് | 2 | 14.01 | 16.07 | 2.06 |
| സ്റ്റീൽ | 1 | 4.27 | 4.76 | 0.49 |
| ഗിയർ | 14 | 45.45 | 47.27 | 1.82 |
| ടയർ | 1 | 21.32 | 21.62 | 0.30 |
| ക്രാങ്ക് ഷാഫ്റ്റ് | 1 | 4.39 | 4.47 | 0.08 |
| മൊത്തം | 43 | 170.62 | 185.93 | 15.31 |

മത്സരാധിഷ്ഠിത ലേലം പോലെ തന്നെ ആസൂത്രിതവും ഊർജ്ജസ്വലവുമായ കമ്പോള വിശകലനത്തിലൂടെ വാങ്ങൽ വിലയുടെ യുക്തി ഭദ്രത നിർണ്ണയിക്കാൻ കഴിയുമായിരുന്ന ഒരു സമ്പ്രദായവും കമ്പനിയിൽ നിലവിലില്ല. എസ്.പി.എം. ചട്ടങ്ങളെ പൂർണ്ണമായി അവഗണിച്ച് സ്വന്തമായി രൂപം കൊടുത്തതും സർക്കാരിന്റെ യാതൊരുവിധ അംഗീകാരവും ഇല്ലാത്ത നിലവിലുള്ള വാങ്ങൽ സമ്പ്രദായം പിന്തുടർന്ന് ന്യായമല്ലാത്ത ഉയർന്ന നിരക്കിൽ സ്പെയറുകൾ വാങ്ങുന്നതിൽ കലാശിച്ചു. എസ്.പി.എം. ചട്ടങ്ങൾക്കനുസരിച്ചുള്ള വാങ്ങൽ പ്രക്രിയ ഉറപ്പ് വരുത്തുന്നതിന് വേണ്ടി ആവശ്യമായ നയം രൂപപ്പെടുത്തുന്നതിന് കമ്പനിയുടെ ഉന്നതാധികാരികൾ പരാജയപ്പെട്ടു. കൂടാതെ മെറ്റീരിയൽ വിഭാഗത്തിന്റെ തലവൻ നിലവിലുള്ള സമ്പ്രദായത്തിലെ പോരായ്മകൾ കമ്പനിയുടെ ഉന്നതാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ വീഴ്ച വരുത്തി. കമ്പോള വിലയിലും ഉയർന്ന വിലയ്ക്ക് സ്പെയറുകൾ വാങ്ങിയപ്പോൾ അമിതമായനേട്ടം ലഭിച്ച പ്രധാനപ്പെട്ട വിൽപ്പനക്കാരുടെ വിശദവിവരങ്ങൾ പട്ടിക 3.8 -ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.8: കമ്പോളവിലയിലും ഉയർന്ന വിലയ്ക്ക് സ്പെയറുകൾ വാങ്ങിയപ്പോൾ അമിതമായ നേട്ടം ലഭിച്ച പ്രധാന വിൽപനക്കാർ**

| ക്രമ നമ്പർ | വിൽപ്പനക്കാരൻ | സ്പെയർ | അടിസ്ഥാന വസ്തു | വാങ്ങൽ മൂല്യം (₹ കോടിയിൽ) |
|---|---|---|---|---|
| 1 | വിൽമാക് എഞ്ചിനീയറിംഗ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | ബ്ലേഡ് ഷാഫ്റ്റ് | സ്റ്റീൽ റോഡ് | 5.24 |
| 2 | ഇൻഡസ്ട്രിയൽ എയ്ഡ്സ് | ഫ്ളൈവീൽ | കാസ്റ്റ് അയൺ | 3.97 |
| 3 | സരോജ് ഫൗണ്ടറീസ് | സിലിണ്ടർ ഹെഡ് | സ്റ്റീൽ റോഡ് | 2.64 |
| 4 | ടേൺ ടെക് എഞ്ചിനീയേഴ്സ് | ബ്ലേഡ് ഷാഫ്റ്റ് | സ്റ്റീൽ റോഡ് | 2.56 |
| 5 | എഫ്.എൽ. ആര്യ | ഫ്ളൈവീൽ | കാസ്റ്റ് അയൺ | 2.55 |
| 6 | ശ്രീ ഗണേഷ് ഫൗണ്ട്രി പ്രൈവറ്റ് ലിമിറ്റഡ് | സിലിണ്ടർ ഹെഡ് | കാസ്റ്റ് അയൺ | 2.36 |
| 7 | രുഗ്മിണി എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ് | ബ്ലേഡ് ഷാഫ്റ്റ് | സ്റ്റീൽ റോഡ് | 2.27 |
| 8 | രുഗ്മിണി എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ് | സിലിണ്ടർ ഹെഡ് | കാസ്റ്റ് അയൺ | 1.51 |
| 9 | എൻ.കെ. പ്രെസിഷൻ ഇൻഡസ്ട്രീസ് | ആക്സലറി വീൽ ഹബ് | അലുമിനിയം കാസ്റ്റിംഗ്സ് | 1.06 |
| 10 | അശ്വിൻ എഞ്ചിനീയറിംഗ് | ബ്ലേഡ് ഷാഫ്റ്റ് | സ്റ്റീൽ റോഡ് | 0.45 |

സ്പെയറുകളുടെ ന്യായവില ഉറപ്പാക്കുന്നതിനായി വിലയുടെ വേർതിരിച്ച വിശദാംശങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാന വസ്തുവിന്റെ വിലസൂചികയുമായി താരതമ്യപ്പെടുത്താറുമുണ്ടെന്ന് കമ്പനി മറുപടിയിൽ വ്യക്തമാക്കി (നവംബർ 2015)

കമ്പനി അടിസ്ഥാന വസ്തുവിന്റെ വിലസൂചികയുമായി താരതമ്യപ്പെടുത്തുകയോ ആയതിന്റെ എന്തെങ്കിലും തെളിവുകൾ ആഡിറ്റിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ മറുപടി വസ്തുതാപരമായി ശരിയല്ല.

<u>കരാർ നിർവ്വഹണം</u>

**പി.ഒ. നിബന്ധനാ ഭേദഗതികൾ**

3.2.12 എസ്.പി.എം. ചട്ടം 14.6 പ്രകാരം പി.ഒ. നിബന്ധനകളിൽ വിൽപനക്കാരന്റെ ആവശ്യപ്രകാരം ഭേദഗതി വരുത്തുമ്പോൾ ആ ഭേദഗതി കമ്പനിയുടെ സാമ്പത്തിക താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ കമ്പനിയുടെ പി.ഒ. നിബന്ധനകൾ പ്രകാരം കമ്പനി പി.ഒ. പ്രകാരമുള്ള വിലയിൽ വർദ്ധനവ് നൽകാൻ കമ്പനി ബാധ്യസ്ഥമല്ലാത്തതുമാകുന്നു.

ആകെയുള്ള 245 വിൽപനക്കാരിൽ 163 (67 ശതമാനം) വിൽപനക്കാരുടെ പി.ഒ.കളിലും പർച്ചേസ് കമ്മിറ്റിയുടെ ശിപാർശയിന്മേൽ മാനേജിംഗ് ഡയറക്ടർ, വിൽപനക്കാരുടെ ആവശ്യപ്രകാരം വില വർദ്ധിപ്പിച്ചുകൊണ്ട് പി.ഒ. നിബന്ധനകളിൽ ഭേദഗതി വരുത്തുകയുണ്ടായി. ഇങ്ങനെ വിൽപനക്കാർ നൽകിയ ചെലവ് രേഖകളുടെ അടിസ്ഥാനത്തിൽ വില വർദ്ധിപ്പിച്ചത് കമ്പനിക്കുണ്ടാകാവുന്ന സാമ്പത്തിക ബാധ്യത, വിലയുടെ യുക്തിഭദ്രത എന്നിവ പരിഗണിക്കാതെയായിരുന്നു. എസ്.പി.എം. ചട്ടങ്ങൾ പാലിക്കുന്നതിന് വാങ്ങൽ വിഭാഗം തലവനുണ്ടായ വീഴ്ച കമ്പനിക്ക് അധികച്ചെലവ് വരുത്തിവച്ചു. പി.ഒ. നിബന്ധനകളിൽ ഭേദഗതിവരുത്തിയതിലൂടെ ചില വിതരണക്കാർക്ക് പട്ടിക 3.9-ൽ കൊടുത്തിരിക്കുന്ന പോലെ ₹ 18.34 കോടിയുടെ അമിത നേട്ടം ഉണ്ടാവുകയുണ്ടായി.

**പട്ടിക 3.9: പർച്ചേസ് ഓർഡറുകളുടെ ഭേദഗതി**

| വർഷം | വില്പനക്കാരുടെ ആകെ എണ്ണം | പി.ഒ. ഭേദഗതിയിലൂടെ പ്രയോജനം കിട്ടിയ വിൽപ്പനക്കാരുടെ എണ്ണം | അധിക ചെലവ് (₹ കോടിയിൽ) |
|---|---|---|---|
| 2010-11 | 229 | 172 | 6.36 |
| 2011-12 | 252 | 176 | 7.26 |
| 2012-13 | 256 | 161 | 2.49 |
| 2013-14 | 250 | 158 | 1.54 |
| 2014-15 | 239 | 148 | 0.69 |
| ശരാശരി/ആകെ | 245 | 163 | 18.34 |

യഥാർത്ഥത്തിൽ നൽകിയ പി.ഒ. കളുടെ വില, അളവ് എന്നിവയുടെ നിബന്ധനകളിൽ പിന്നീട് നിരന്തരമായ ഭേദഗതി വരുത്തുന്നുണ്ടെങ്കിലും കമ്പ്യൂട്ടർ

സോഫ്റ്റ്‌വെയറിൽ പി.ഒ.കളുടെ യഥാർത്ഥ ക്രമനമ്പറും തീയതിയും മാറ്റം വരുത്താതെ സൂക്ഷിച്ചിരിക്കുന്ന രീതിയാണ് നിലവിലുള്ളത്. ആയതിനാൽ നിരന്തരവും എണ്ണമറ്റതുമായ പി.ഒ. ഭേദഗതികളുടെ ആധികാരികത പരിശോധിച്ചുറപ്പിക്കാൻ ആഡിറ്റിന് കഴിഞ്ഞിട്ടില്ല. പി.ഒ. ഭേദഗതികളുടെ സുതാര്യതയും നിയന്ത്രണവും ഉറപ്പ് വരുത്തുന്നതിന് വേണ്ടി ഭേദഗതി ചെയ്ത പി.ഒ. കളുടെ യഥാർത്ഥ അളവും വിലയും സോഫ്റ്റ്‌വെയറിൽ നിലനിർത്തുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാകേണ്ടതാണ്. അസാധാരണമായ പി.ഒ. ഭേദഗതികളുടെ ആഴത്തിലുള്ള വിശകലനത്തിൽ താഴെ പറയുന്ന വിതരണക്കാർ ആവർത്തിവില ഉയർത്തി നൽകിയതിന്റെ പ്രധാന ഗുണഭോക്താക്കളെന്ന് കണ്ടെത്തിയിട്ടുണ്ട്:

**പട്ടിക 3.10: ആവർത്തിപ്പിച്ച് വില വർദ്ധിപ്പിച്ചതിന്റെ പ്രയോജനം ലഭിച്ചവർ**

| വിൽപ്പനക്കാരൻ | വാങ്ങിയ തരം സ്പെയറുകളുടെ എണ്ണം | വിലമാറ്റം വരുത്തിയ സന്ദർഭങ്ങൾ (എണ്ണം) | അധിക ചെലവ് (₹ കോടിയിൽ) |
|---|---|---|---|
| ശ്രീ ഗണേഷ് പ്രൈവറ്റ് ലിമിറ്റഡ് | 31 | 118 | 1.33 |
| ഓട്ടോ കാസ്റ്റ് ലിമിറ്റഡ് | 2 | 28 | 0.70 |
| ഓട്ടോവിങ്ങ്സ് | 20 | 44 | 0.55 |
| ഗിയർ സിസ്റ്റം | 3 | 9 | 0.50 |
| ഫാൽക്കൻ ടയേഴ്സ് | 4 | 10 | 0.49 |
| ആകെ | | | 3.57 |

പി.ഒ. നിബന്ധനകൾ ഭേദഗതി ചെയ്യുന്ന സമ്പ്രദായം കാലങ്ങളായി നിലനിന്നിരുന്നതായി കമ്പനി മറുപടിയിൽ അറിയിച്ചു (സെപ്റ്റംബർ 2015). കൂടാതെ തടസ്സമില്ലാതെയുള്ള സ്പെയർ വിതരണം ഉറപ്പ് വരുത്തുന്നതിനാണ് പി.ഒ. നിബന്ധനകളിൽ ഭേദഗതികൾ വരുത്തിയത് എന്ന് കമ്പനി അറിയിച്ചു (നവംബർ 2015).

കാലങ്ങളായി പിന്തുടർന്ന് വരുന്ന ഒരു സമ്പ്രദായം നിയമത്തിനോ എസ്.പി.എം. ചട്ടങ്ങൾക്കോ പകരമാവില്ല എന്നതുകൊണ്ട് മറുപടി സ്വീകാര്യമല്ല. ബാധകമായ നിയമങ്ങൾ പാലിക്കുന്നതിലുണ്ടായ വീഴ്ചമൂലം ₹ 18.34 കോടി അധികച്ചെലവ് ഉണ്ടായി. ബാധകമായ നിയമങ്ങൾ പാലിക്കുന്നതിൽ കമ്പനി അധികാരികൾ കാണിച്ച അലംഭാവം ഗൗരവമായ വീഴ്ചയായതിനാൽ അതിന്റെ കാരണക്കാരായവരെ കണ്ടെത്തി ബാദ്ധ്യസ്ഥരാക്കേണ്ടതാണ്.

**സർക്കാർ അനുമതിയില്ലാതെ നടത്തിയ അന്തർ സംസ്ഥാന വാങ്ങലുകൾ**

3.2.13 എസ്.പി.എം. ചട്ടം 9.31 പ്രകാരം സംസ്ഥാനത്തിനകത്ത് ഒന്നോ അതിലധികമോ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ₹ 2.50 കോടിയിൽ കൂടുതൽ തുകയ്ക്ക് സംസ്ഥാനത്തിന് പുറത്ത് നിന്ന് വാങ്ങുന്നത്, ചീഫ് സെക്രട്ടറി, ധനകാര്യ സെക്രട്ടറി, വ്യവസായ വകുപ്പ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി എന്നിവരടങ്ങിയ ഒരു സമിതിയുടെ അനുമതി ലഭിച്ചശേഷം മാത്രമായിരിക്കണം. എന്നാൽ സിലിണ്ടർ ഫ്രെയിം, ഫ്ലൈവീൽ, മെയിൻ ക്ലച്ച് അസംബ്ലി, റേഡിയേറ്റർ, ടയർ 6 x 12 എന്നീ അഞ്ച് തരത്തിലുള്ള, സംസ്ഥാനത്തിനകത്ത് ഉൽപാദിപ്പിക്കുന്ന, സ്പെയറുകൾ മേൽപ്പറഞ്ഞ സമിതിയുടെ അനുമതിയില്ലാതെ സംസ്ഥാനത്തിന് പുറമേ നിന്ന് വാങ്ങുകയുണ്ടായി. 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ ഇങ്ങനെ വാങ്ങിയ അഞ്ച് സ്പെയറുകളുടെ മൂല്യം ₹ 36.41 കോടിയാണ്.

തദ്ദേശീയ ഉൽപാദകർക്ക് മുൻഗണന നൽകിയിട്ടുണ്ടെന്നും സംസ്ഥാനത്തിനകത്ത് ലഭ്യമായ ഒരു സ്പെയറും സംസ്ഥാനത്തിന് പുറത്ത് നിന്നും വാങ്ങിയിട്ടില്ലെന്നും കമ്പനി മറുപടിയിൽ വ്യക്തമാക്കി (സെപ്റ്റംബർ 2015). മേൽപ്പറഞ്ഞ അഞ്ച് തരം സ്പെയറുകൾ സംസ്ഥാനത്തിനകത്ത്[5] ലഭ്യമായിരുന്നതും എന്നാൽ പുറമേ നിന്നും വാങ്ങുകയും ചെയ്തിരുന്നതിനാൽ മറുപടി വസ്തുതാപരമായി തെറ്റാണ്.

**കരാർ പ്രമാണം തയ്യാറാക്കാതിരിക്കൽ**

3.2.14 എസ്.പി.എം. ചട്ടം 9.60 പ്രകാരം കരാറിന്റെ തൃപ്തികരമായ പൂർത്തീകരണം ഉറപ്പാക്കുന്നതിനായി പി. ഒ. നിബന്ധനകളും വിൽപനക്കാർ വീഴ്ച വരുത്തിയാലുള്ള ശിക്ഷാ നടപടികളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കരാർ പ്രമാണം തയ്യാറാക്കേണ്ടതാണ്. കൂടാതെ സ്പെയറുകൾ ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസത്തിന് നഷ്ടപരിഹാരം ഈടാക്കുന്നതിനെ കുറിച്ച് ഒരു ലക്ഷത്തിൽ കൂടുതൽ മൂല്യമുള്ള പി.ഒ.കൾക്ക് അഞ്ച് ശതമാനം പെർഫോമൻസ് സെക്യൂരിറ്റി ലഭ്യമാക്കേണ്ടതിനെക്കുറിച്ചും എസ്.പി.എം. ചട്ടങ്ങൾ പ്രതിപാദിക്കുന്നുണ്ട്.

എന്നാൽ കമ്പനി യാതൊരുവിധ കരാർ പ്രമാണങ്ങളും തയ്യാറാക്കുന്നില്ല. സ്പെയറുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടായാൽ തത്ഫലമായി ഉണ്ടാകുന്ന നഷ്ടം വിൽപനക്കാരിൽ നിന്നും ഈടാക്കാൻ കമ്പനിക്ക് അധികാരം ഉണ്ടായിരിക്കുമെന്ന് പി.ഒ.-യിൽ വ്യക്തമാക്കിയിരുന്നെങ്കിലും നഷ്ടപരിഹാര നിരക്ക് പി.ഒ.-യിൽ വ്യക്തമാക്കാത്തതിനാൽ വീഴ്ച വരുത്തിയ വിൽപനക്കാരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാൻ കമ്പനിക്ക് സാധിച്ചിട്ടില്ല.

5. ഓട്ടോകാസ്റ്റ് ലിമിറ്റഡ്, ആലപ്പുഴ (സിലിണ്ടർ ഫ്രെയിം ആൻഡ് ഫ്ലൈവീൽ), ഗായത്രി എന്റർപ്രൈസസ്, പാലക്കാട് (മെയിൻക്ലച്ച് അസംബ്ലി), മെറ്റൽ ലാൻഡ് ഇൻഡസ്ട്രീസ്, എറണാകുളം (റേഡിയേറ്റർ), ടോളിൻസ് ടയർ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം(ടയർ).

പെർഫോമൻസ് സെക്യൂരിറ്റി സ്വീകരിക്കേണ്ട 3000 പി.ഒ.-കൾ നൽകിയിട്ടുണ്ടെങ്കിലും ഒരു പി.ഒ. യിൽപ്പോലും പെർഫോമൻസ് സെക്യൂരിറ്റിയെ കുറിച്ചുള്ള നിബന്ധന ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ കരാർ പ്രകാരമുള്ള സ്പെയറുകളുടെ ലഭ്യത ഉറപ്പാക്കുന്നതിൽ കമ്പനി പരാജയപ്പെട്ടു. 372 പി.ഒ.-കളിലായി നൽകിയ സ്പെയറുകളുടെ സമാഹരണം പരിശോധിച്ചപ്പോൾ 243 പി.ഒ.-കളിലും കരാർ പ്രകാരമുള്ളതിലും കുറവ് സ്പെയറുകൾ മാത്രമേ സമാഹരിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

നവംബർ 2015-ന് സമർപ്പിച്ച മറുപടിയിൽ കമ്പോളത്തിലെ അനിശ്ചിതാവസ്ഥമൂലം പി.ഒ. ഭേദഗതികൾ അനിവാര്യമായിരുന്നുവെന്നും ആയതിനാൽ ശിക്ഷാ നടപടികൾ എടുക്കുന്നതോ നഷ്ടപരിഹാരം ഈടാക്കുന്നതോ പ്രായോഗികമല്ല എന്നും അറിയിച്ചിട്ടുണ്ട്.

മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന പി.ഒ. നിബന്ധനകളിൽ നിരന്തരം ഭേദഗതി വരുത്തുന്നത്, ആ സംവിധാനത്തിന്റെ പ്രാഥമിക ഉദ്ദേശ്യത്തിന് കടകവിരുദ്ധമാണ്. നിലവിൽ മൂല്യനിർണ്ണയ സംവിധാനത്തിന് ഗുണനിലവാരമുള്ള സ്പെയറുകളുടെ കൃത്യസമയത്തുള്ള ലഭ്യത ഉറപ്പുവരുത്തുന്നതിൽ ഒരു പങ്കുമില്ല. എന്നാൽ ഈ സംവിധാനം വിൽപനക്കാരുടെ മത്സരം ഇല്ലായ്മചെയ്ത് വാങ്ങൽ പ്രക്രിയ ചെലവേറിയതായി മാറ്റിയിരിക്കുന്നു. പ്രവർത്തന സൗകര്യത്തിന്റെ പേരിൽ കരാർ പ്രമാണം തയ്യാറാക്കൽ, ശിക്ഷാ നടപടികൾ എന്നിവ സംബന്ധിച്ച എസ്.പി.എം. ചട്ടങ്ങൾ ലംഘിക്കുന്നത് നീതീകരിക്കാവുന്നതല്ല.

**ഉൽപാദനപ്രക്രിയയിൽ സ്പെയറുകളുടെ ഉയർന്ന തോതിലുള്ള തിരസ്കരണം**

3.2.15 വിവിധ സ്പെയറുകൾ കൂട്ടിച്ചേർക്കുന്ന സമയത്ത് ഗുണനിലവാരം ഇല്ലായ്മ, തെറ്റായ രൂപകൽപന, സൂക്ഷ്മ അളവുകളിലുണ്ടായിട്ടുള്ള വ്യതിയാനം എന്നീ കാരണങ്ങളാൽ സ്പെയറുകൾ തിരസ്കരിക്കപ്പെടുന്നു. ഇപ്രകാരം തിരസ്കരിക്കപ്പെട്ട സ്പെയറുകൾക്ക് ആനുപാതികമായ തുക ചട്ടങ്ങൾ പ്രകാരം ഈടാക്കുമെന്ന് പി.ഒ. നിബന്ധനകളിൽ സൂചിപ്പിക്കുന്നുണ്ട്. ഉൽപാദന പ്രക്രിയയ്ക്കിടെ ഉണ്ടാകുന്ന ഈ തിരസ്കരണം വിഭവങ്ങൾ പാഴാകുന്നതിനും സമയനഷ്ടത്തിനും തൽഫലമായി പ്രവർത്തന ചെലവ് വർദ്ധിക്കുന്നതിനും കാരണമാകുന്നു. ആയതിനാൽ ഇത്തരം തിരസ്കരണങ്ങൾ തിരിച്ചറിയുന്നതിനും കുറയ്ക്കുന്നതിനും ഒരു മികച്ച സംവിധാനം ആവശ്യമാണ്. ഓഡിറ്റ് കാലയളവിൽ ഉൽപാദന പ്രക്രിയയ്ക്കിടെ ഉണ്ടായിട്ടുള്ള തിരസ്കരിക്കപ്പെട്ട സ്പെയറുകളുടെ എണ്ണം 2883 (2010-11)-ൽ നിന്നും 5409 (2014-15) ആയി വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടു.

ഈ കാലയളവിൽ തിരസ്കരിക്കപ്പെട്ട സ്പെയറിന്റെ ആകെ മൂല്യം ₹ 4.48 കോടിയാണ്. 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ തിരസ്കരിക്കപ്പെട്ട ₹ 4.48 കോടിയുടെ സ്പെയറിൽ ₹ 1.41 കോടിയുടെ സ്പെയേർസ് (31.47 ശതമാനം) നൽകിയത് ആറ്[6] വിൽപനക്കാരാണ്.

ഉൽപാദനപ്രക്രിയക്കിടയ്ക്കുള്ള സ്പെയറുകളുടെ തിരസ്കരണം ബന്ധപ്പെട്ട വിതരണക്കാരന്റെ മൂല്യനിർണ്ണയത്തിൽ പ്രതിഫലിക്കുന്നതാണ്. തിരസ്കരിക്കപ്പെടാതിരുന്നതിനുള്ള മാർക്ക് 25 ശതമാനം ആയതിനാൽ മറ്റുള്ള മാനദണ്ഡങ്ങളിൽ കൂടിയ മാർക്ക് ലഭിക്കുമ്പോൾ ഈ വിൽപനക്കാരുടെ മൊത്തത്തിലുള്ള പ്രകടനം മികച്ചതാവുന്നു. ഇങ്ങനെ തിരസ്കരിക്കപ്പെട്ട സ്പെയർ നൽകിയ വിതരണക്കാർ അയോഗ്യരാക്കപ്പെടാത്തത് കൊണ്ട് വീണ്ടും മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് വീണ്ടും പി.ഒ. നൽകപ്പെടുന്നു. നിലവാരം കുറഞ്ഞ മൂല്യനിർണ്ണയം ലഭിച്ച വിൽപനക്കാർക്ക് പോലും നിരന്തരമായ പി.ഒ. ഭേദഗതികളിലൂടെ കൂടുതൽ സ്പെയറുകൾക്കുള്ള പി.ഒ. ലഭ്യമാക്കുന്നു. സ്പെയറുകളുടെ ഉയർന്ന തോതിലുള്ള തിരസ്കരണം, തിരസ്കരിക്കാതിരിക്കലിന് മാനദണ്ഡത്തിൽ പ്രാധാന്യം നൽകിയിട്ടുള്ള നിലവിലെ മൂല്യനിർണ്ണയ സംവിധാനത്തിന്റെ അപര്യാപ്തതയേയും വിൽപനക്കാർക്ക് നൽകുന്ന അമിത ആനുകൂല്യത്തേയും സൂചിപ്പിക്കുന്നു.

തിരസ്കരണത്തിന് കമ്പനി അനുവദിച്ചിരിക്കുന്ന പരമാവധി പരിധി 0.5 ശതമാനം ആണെന്നും യഥാർത്ഥ തിരസ്കരണ നിരക്ക് പരമാവധി പരിധിയേക്കാൾ അല്പം മാത്രം കൂടുതലാണെന്നും കമ്പനി മറുപടിയിൽ അറിയിച്ചു (നവംബർ 2015). എന്നാൽ യഥാർത്ഥ തിരസ്കരണത്തിന്റെ നിരക്ക് പരമാവധി പരിധിയേക്കാൾ 152 ശതമാനം (2012-13) എത്തിയിട്ടുള്ളതിനാൽ മറുപടി സ്വീകാര്യമല്ല.

<u>നിഗമനം</u>

കമ്പനി നിർബന്ധമായും പാലിക്കേണ്ടിയിരുന്ന എസ്.പി.എം. ചട്ടങ്ങൾ പാലിച്ച് മത്സരാധിഷ്ഠിത വിലയ്ക്ക് സ്പെയറുകൾ വാങ്ങുന്നതിൽ കമ്പനി പരാജയപ്പെട്ടു.

**ശിപാർശ**

എസ്.പി.എം. ചട്ടങ്ങളിൽ നിന്നും വിപുലമായ വ്യതിയാനം ഉള്ളതിനാലും ആഡിറ്റ് റിപ്പോർട്ടിൽ മുമ്പ് ചൂണ്ടിക്കാട്ടിയതുപോലെ ടെണ്ടർ ഇല്ലാതെയും ഏകവിൽപനക്കാരിൽ നിന്നും വലിയ തോതിൽ സ്പെയറുകൾ വാങ്ങിച്ചിട്ടുള്ളതിനാലും ഉത്തരവാദികളെ കണ്ടെത്തുന്നതിനായി വിജിലൻസ് വകുപ്പിന്റെ ആഴത്തിലുള്ള ഒരു അന്വേഷണം നടത്തുന്നതിന് സർക്കാർ ഉത്തരവ് നൽകേണ്ടതാണ്.

---

6 ആസ്റ്റിൻ എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, എസ്.എസ്. ആട്ടോ എൻജിനിയറിംഗ്സ്, ഓട്ടോകാസ്റ്റ് ലിമിറ്റഡ്, മാണികം റേഡിയേറ്റേർസ് പ്രൈവറ്റ് ലിമിറ്റഡ്, ഓട്ടോ വിങ്ങ്സ്, ആർ.കെ. എന്റർപ്രൈസസ്.

എസ്.പി.എം. ചട്ടങ്ങൾക്കനുസൃതമായ സ്വന്തമായൊരു വാങ്ങൽ നടപടിക്രമങ്ങൾക്ക് കമ്പനി രൂപം കൊടുക്കേണ്ടതാണ്. ഏക/പരിമിത വിൽപനക്കാരിലുള്ള ആശ്രയത്വം കുറയ്ക്കുന്നതിന് വേണ്ടി അംഗീകൃത വിൽപനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ കമ്പനി എടുക്കേണ്ടതാണ്.

ഇക്കാര്യങ്ങൾ സർക്കാരിനെ അറിയിച്ചിട്ടുണ്ട് (ഒക്ടോബർ 2015). സർക്കാരിന്റെ മറുപടിക്കായി കാത്തിരിക്കുന്നു (ഡിസംബർ 2015).

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ പൊതുമേഖല സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് നമ്പർ 3-ലെ ഓഡിറ്റ് ഖണ്ഡിക 3.2-മായി ബന്ധപ്പെട്ടത്)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു.

**ചർച്ചയുടെ വിശദാംശം ചുവടെ ചേർക്കുന്നു:**

സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി നിലവിലുള്ള സ്റ്റോർസ് പർച്ചേസ് മാന്വൽ ചട്ടങ്ങൾ, കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയ്ക്കനുസൃതമായി മാത്രമേ സാമഗ്രികൾ വാങ്ങാവൂ എന്നിരിക്കെ സർക്കാർ ചട്ടങ്ങൾ പാലിക്കാതെ പൊതു ഖജനാവിൽ നിന്ന് വൻതുക വിനിയോഗിച്ച് സാമഗ്രികൾ വാങ്ങാനിടയായത് സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന്, ഐ.എസ്.ഒ. അംഗീകാരത്തിന് വേണ്ടി കമ്പനി അധികാരികൾ അംഗീകരിച്ച വാങ്ങൽ നടപടിക്രമങ്ങളാണ് കമ്പനി പിൻതുടർന്ന് വരുന്നതെന്നും നിലവിലുള്ള സ്റ്റോർസ് പർച്ചേസ് മാന്വൽ ചട്ടങ്ങൾക്കനുസരിച്ചല്ല സാമഗ്രികൾ വാങ്ങിയിട്ടുള്ളതെന്നും KAMCO ഒരു അസംബ്ലിംഗ് യൂണിറ്റാണെന്നും, കമ്പനി ഉൽപ്പാദിപ്പിക്കുന്ന ഉപകരണങ്ങൾക്ക് പ്രത്യേകമായി വേണ്ടിവരുന്ന സാമഗ്രികൾ പൊതു വിപണിയിൽ നിന്നും ലഭിക്കുവാൻ ബുദ്ധിമുട്ടാണെന്നും കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ എം.ഡി വിശദീകരിച്ചു.

നിലവിലുള്ള സ്റ്റോർസ് പർച്ചേസ് മാന്വൽ ചട്ടങ്ങളും കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാതെയാണ് കമ്പനിയുടേതായ വാങ്ങൽ നടപടിക്രമങ്ങൾ കമ്പനി പിന്തുടരുന്നതെന്നും, എന്നാൽ കമ്പനി പിന്തുടർന്ന് വരുന്ന വാങ്ങൽ നടപടിക്രമങ്ങൾ സർക്കാർ ഇതേവരെ അംഗീകരിച്ചിട്ടില്ലെന്നും അഭിപ്രായപ്പെട്ട സമിതി ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം വന്നപ്പോൾ മാത്രമാണ് പ്രത്യേക അനുമതിക്കായി കമ്പനി സർക്കാരിനെ സമീപിച്ചതെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് അനുരൂപമായി സർക്കാർ അനുമതിയോടുകൂടി കമ്പനിയുടേതായ പർച്ചേസ് മാന്വൽ രൂപീകരിക്കുന്നതിന് 2018-ൽ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

കമ്പനി ഉൽപാദിപ്പിക്കുന്ന യന്ത്രോപകരണങ്ങളുടെ പ്രത്യേകത കണക്കിലെടുക്കുമ്പോൾ അവയിൽ ഉപയോഗിക്കുന്ന സ്പെയറുകളുടെ വിലക്കുറവ് മാത്രം പരിഗണിച്ച് വാങ്ങുന്നത് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാക്കുമെന്ന സർക്കാർ മറുപടി പരിഗണിച്ച സമിതി, ടെണ്ടർ നടപടിക്രമങ്ങൾ സംബന്ധിച്ച ചട്ടങ്ങൾ പാലിക്കാതെ കമ്പനി ഉന്നയിക്കുന്ന വാദഗതി ശരിയല്ലെന്നും ചൂണ്ടിക്കാട്ടി.

കമ്പനി പിന്തുടരുന്ന വാങ്ങൽ നടപടിക്രമങ്ങളെ സാധൂകരിക്കുന്ന വ്യവസ്ഥകളെന്തെങ്കിലും കമ്പനിയുടെ നിയമാവലിയിൽ പരാമർശിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, ഇത്തരത്തിൽ വ്യവസ്ഥകളൊന്നുമില്ലെന്ന് കമ്പനി ഉദ്യോഗസ്ഥൻ അറിയിച്ചു. കമ്പനിയുടെ നിയമാവലിയുടെ പിൻബലമില്ലാതെയുള്ള വാങ്ങൽ നടപടിക്രമങ്ങൾക്ക് സർക്കാരിന്റെ അനുമതി വാങ്ങിയിട്ടില്ലെന്ന് സമിതി നിരീക്ഷിച്ചു.

സർക്കാർ നിർദ്ദേശപ്രകാരം തയ്യാറാക്കിയ കമ്പനിയുടെ പർച്ചേസ് മാന്വലിന് സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, ആയത് സംബന്ധിച്ച് സർക്കാർ ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകി വരികയാണെന്ന് എം.ഡി. അറിയിച്ചു. ധനകാര്യ വകുപ്പും സ്റ്റോർസ് പർച്ചേസ് വകുപ്പും ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കിയതിന് ശേഷം മാത്രമേ കമ്പനിയുടെ പർച്ചേസ് മാന്വലിന് അന്തിമ അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയുള്ളൂവെന്നും ഇക്കാര്യത്തിലുള്ള നടപടികൾ കാര്യക്ഷമമാക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും കൃഷി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾക്ക് ബാധകമായ സ്റ്റോർസ് പർച്ചേസ് മാന്വൽ, നിലവിലുള്ള നിയമങ്ങൾ എന്നിവയെ ഒഴിവാക്കിക്കൊണ്ട് കമ്പനി സ്വന്തമായി പർച്ചേസ് മാന്വൽ തയ്യാറാക്കുമ്പോൾ അത് കീഴ്‌വഴക്കമായെടുത്ത് സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് കമ്പനികളും അവരുടേതായ പർച്ചേസ് മാന്വൽ തയ്യാറാക്കാനുള്ള സാധ്യതയുണ്ടെന്ന് സമിതി നിരീക്ഷിച്ചു.

നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ മുൻവർഷങ്ങളിൽ കമ്പനിക്കുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ ബാധ്യത നിശ്ചയിക്കുകയാണ് വേണ്ടതെന്നും അപ്രകാരം ചെയ്യാതെ കമ്പനിയുടെ വാങ്ങൽ നടപടിക്രമങ്ങൾ ചട്ടപ്രകാരമാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായുള്ള ഉദ്യോഗസ്ഥരുടെ നിലപാട് ന്യായീകരിക്കത്തക്കതല്ലെന്ന് സമിതി ചൂണ്ടിക്കാട്ടി.

കമ്പനിക്ക് ആവശ്യമുള്ള 1600 ഘടകങ്ങൾക്കുമായി ഒരേ സ്രോതസ്സിനെ ആശ്രയിക്കാതെ പലയിടങ്ങളിൽ നിന്നും വാങ്ങുകയാണ് വേണ്ടതെന്ന് അഭിപ്രായപ്പെട്ട സമിതി കമ്പനിയുടെ നിയമമനുസരിച്ച് ഓരോ സാധനം വാങ്ങുന്നതിനും ചുരുങ്ങിയത് മൂന്ന് വിതരണക്കാർ ഉണ്ടാകേണ്ടതാണെന്ന് നിർദ്ദേശിച്ചു.

യന്ത്രോപകരണങ്ങൾ ഉത്പാദിപ്പിക്കുവാനുപയോഗിക്കുന്ന ഘടകങ്ങൾ വാങ്ങിയത് വിലയുടെ യുക്തിസഹത ഉറപ്പാക്കാതെയാണെന്നും 2010-11 മുതൽ 2014-15 വരെയുള്ള 5 വർഷക്കാലയളവിൽ ₹ 15.31 കോടി ഈയിനത്തിൽ അധികച്ചെലവ് വന്നുവെന്നുമുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, കമ്പനിയുടെ ഇന്റേണൽ ഓഡിറ്റ് വിഭാഗം തടസ്സം ഉന്നയിക്കാത്ത പർച്ചേസ് മാത്രമേ കമ്പനി നടത്താറുള്ളൂവെന്നും, ഡയറക്ടർ ബോർഡിന്റെ അനുമതി കൂടി ലഭ്യമായിട്ടാണ് എല്ലാ കാലത്തും ആയതിലേയ്ക്കായി നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുള്ളത് എന്നും എം.ഡി. വിശദീകരിച്ചു.

കൃഷി വകുപ്പിന് കീഴിലുള്ള ഒരു വ്യവസായ യൂണിറ്റാണ് KAMCO എന്നും കമ്പനിയുടെ ഡയറക്ടർ ബോർഡിന് സ്വതന്ത്ര അധികാരങ്ങളൊന്നുമില്ലെന്നും കമ്പനിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിന്മേലും സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂവെന്നും സമിതി ഓർമ്മപ്പെടുത്തി. പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണമെന്തെങ്കിലും നടക്കുന്നുണ്ടോയെന്ന ചോദ്യത്തിന്, വിജിലൻസ് അന്വേഷണം നടന്ന് വരികയാണെന്ന് എം.ഡി. അറിയിച്ചു.

ടെണ്ടർ/ക്വട്ടേഷൻ ഇല്ലാതെ ₹ 813.06 കോടിയുടെ സാധനങ്ങളാണ് കമ്പനി വാങ്ങിയിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി, ടെണ്ടർ വിളിക്കാതെ പർച്ചേസ് നടത്താൻ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അധികാരമില്ലെന്നും, ₹ 5 ലക്ഷത്തിന് മുകളിലുള്ള എല്ലാ പർച്ചേസും ഇ-ടെണ്ടർ മുഖേന മാത്രമേ നടത്താൻ വ്യവസ്ഥയുള്ളൂ എന്നും സമിതി വ്യക്തമാക്കി. 2017 മുതൽ ഇ-ടെണ്ടർ മുഖേനയാണ് പർച്ചേസ് ചെയ്യുന്നതെന്ന് എം.ഡി. സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

1. കമ്പനി ഉല്പാദിപ്പിക്കുന്ന യന്ത്രോപകരണങ്ങളുടെ സ്പെയർ പാർട്ടുകൾ വാങ്ങുന്നതിൽ സംസ്ഥാന സ്റ്റോർസ് പർച്ചേസ് മാന്വൽ (എസ്.പി.എം.) ചട്ടങ്ങളും കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗനിർദ്ദേശങ്ങളും പാലിക്കാതെ KAMCO യുടേതായ വാങ്ങൽ നടപടിക്രമങ്ങൾ സ്വീകരിച്ചതായും ഇത്തരത്തിലുള്ള വാങ്ങൽ നടപടിക്രമങ്ങൾക്ക് സർക്കാരിന്റെ അനുമതി വാങ്ങിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു.

2. KAMCO ഉല്പാദിപ്പിക്കുന്ന യന്ത്രോപകരണങ്ങളുടെ പ്രത്യേകത കണക്കിലെടുക്കുമ്പോൾ എസ്.പി.എം. ചട്ടങ്ങൾ അതുപോലെ നടപ്പിലാക്കാൻ സാധിക്കില്ലെന്ന കമ്പനിയുടെ വാദം അംഗീകരിക്കാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി, വാങ്ങൽ പ്രക്രിയയ്ക്ക് ബാധകമായിട്ടുള്ള നിയമങ്ങൾ കമ്പനി അനുസരിക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

3. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമായ എസ്.പി.എം. ചട്ടങ്ങൾ അനുസരിക്കാൻ KAMCO ബാദ്ധ്യസ്ഥമാണെന്ന് ചൂണ്ടിക്കാണിച്ച സമിതി, എസ്.പി.എം. ചട്ടങ്ങൾ കമ്പനി നിർബന്ധമായും പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു. എസ്.പി.എം. ചട്ടങ്ങൾക്ക് വിധേയമായുള്ള വാങ്ങൽ പ്രക്രിയ കമ്പനി പിൻതുടരുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

4. മുൻവർഷങ്ങളിൽ ഈടാക്കിയ വില, വിതരണത്തിലുള്ള കൃത്യനിഷ്ഠ, സ്പെയറുകളുടെ പ്രാഥമിക പരിശോധനയ്ക്ക് ശേഷമുള്ള സ്വീകാര്യത, ഉൽപാദന പ്രക്രിയ ഘട്ടത്തിലുള്ള സ്വീകാര്യത എന്നീ നാല് മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി KAMCO ഏർപ്പെടുത്തിയ മൂല്യനിർണ്ണയ സംവിധാനത്തിൽ സ്പെയറുകളുടെ വിലയ്ക്ക് കുറഞ്ഞ പ്രാധാന്യം നൽകിയത്, ഉയർന്ന നിരക്കിൽ സ്പെയറുകൾ വാങ്ങുന്നതിനും കമ്പനിക്ക് അധികച്ചെലവുണ്ടാകുന്നതിനും കാരണമായതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ മൂല്യനിർണ്ണയ സംവിധാനത്തിൽ കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി മൂല്യനിർണ്ണയ സംവിധാനം പുനഃക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

5. കമ്പനിയുടെ വാങ്ങൽ സംവിധാനത്തിന്റെ സുതാര്യതയും വില നിശ്ചയത്തിലുണ്ടാകേണ്ട മത്സരസ്വഭാവവും നിലനിർത്തുന്നതിനായി ഒന്നിലധികം വിൽപനക്കാരെ കണ്ടെത്തി അംഗീകൃത വിൽപനക്കാരുടെ പട്ടിക കമ്പനി വിപുലീകരിക്കേണ്ടതായിട്ടുണ്ട്. കമ്പനിയിലെ വിൽപനക്കാരുടെ പട്ടികവിപുലീകരണ സംവിധാനത്തിന്റെ അപര്യാപ്തത, കമ്പനിക്കാവശ്യമായ ഘടകങ്ങൾ, ഒരു സ്രോതസിനെ മാത്രം ആശ്രയിച്ച് വാങ്ങുവാൻ കാരണമായിത്തീർന്നെന്ന് വിലയിരുത്തിയ സമിതി, കമ്പനിയുടെ അംഗീകൃത വിൽപ്പനക്കാരുടെ പട്ടിക വിപുലീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു.

6. കമ്പനിയുടെ പ്രവർത്തനത്തിനാവശ്യമായ മൂന്നിലൊന്ന് ഘടകങ്ങളും ഏക വിൽപനക്കാരിൽ നിന്നാണ് വാങ്ങിയിട്ടുള്ളതെന്ന ഓഡിറ്റ് നിരീക്ഷണം സമിതി ഗൗരവമായി വീക്ഷിക്കുന്നു. ഏക വിൽപനക്കാരെ മാത്രം ആശ്രയിച്ച് കമ്പനിക്കാവശ്യമായ ഘടകങ്ങൾ വാങ്ങുന്നത് വാങ്ങൽ പ്രക്രിയയിലെ മത്സരസ്വഭാവവും വാങ്ങൽ സംവിധാനത്തിന്റെ സുതാര്യതയും നഷ്ടപ്പെടുത്തുന്നതിനും ഏക വിൽപനക്കാർക്ക് അമിത ലാഭം നേടിക്കൊടുക്കുന്നതിനും കാരണമാകുമെന്നതിനാൽ യോഗ്യതയുള്ള മറ്റ് വിൽപനക്കാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

7. പർച്ചേസ് ഓർഡർ നിബന്ധനകളിൽ ഭേദഗതി വരുത്താറുണ്ടെങ്കിലും കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിൽ പർച്ചേസ് ഓർഡറുകളുടെ യഥാർത്ഥ ക്രമനമ്പറും തീയതിയും മാറ്റം വരുത്താതെ സൂക്ഷിച്ചിരിക്കുന്ന രീതിയാണ് നിലവിലുള്ളതെന്ന് നിരീക്ഷിച്ച സമിതി, ഇക്കാര്യത്തിൽ സുതാര്യത ഉറപ്പുവരുത്താനായി, ഭേദഗതി ചെയ്ത പർച്ചേസ് ഓർഡർ നിബന്ധനകളിലുള്ള യഥാർത്ഥ രേഖപ്പെടുത്തലുകൾ സോഫ്റ്റ്‌വെയറിൽ നിലനിർത്തണ മെന്ന് നിർദ്ദേശിക്കുന്നു.

8. സ്പെയറുകളുടെ ഗുണനിലവാരമില്ലായ്മ, തെറ്റായ രൂപകല്പന, സൂക്ഷ്മ അളവുകളിലുള്ള വ്യതിയാനം എന്നിവ കാരണം യന്ത്രോപകരണങ്ങളുടെ ഉല്പാദന സമയത്ത് ധാരാളം സ്പെയറുകൾ തിരസ്കരിക്കപ്പെടുന്നത് സ്പെയറുകൾ പാഴാകുന്നതിനും സമയനഷ്ടത്തിനും കാരണമാകുന്നുവെന്നും, ആയത് കമ്പനിയുടെ പ്രവർത്തന ചെലവ് വർദ്ധിപ്പിക്കുന്നുവെന്നും മനസ്സിലാക്കിയ സമിതി, സ്പെയറുകളുടെ ഗുണനിലവാരമില്ലായ്മ, തെറ്റായ രൂപകല്പന, അളവുകളിലുള്ള വ്യതിയാനം എന്നിവ കണ്ടെത്തി ഉല്പാദന സമയത്തുണ്ടാകുന്ന തിരസ്കരണത്തിന്റെ അളവ് കുറയ്ക്കുന്നതിന് മികവുറ്റ എഞ്ചിനീയറിംഗ് സംവിധാനം കമ്പനിയിൽ നടപ്പിൽ വരുത്തണമെന്ന് നിർദ്ദേശിക്കുന്നു.

9. എസ്.പി.എം. വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച് KAMCO യന്ത്ര സാമഗ്രികൾ വാങ്ങിയെന്നതിന്മേൽ വിജിലൻസ് അന്വേഷണം നടക്കുകയാണെന്ന് മനസ്സിലാക്കിയ സമിതി, വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയും അന്വേഷണത്തിലെ കണ്ടെത്തലുകളെ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

സി. ദിവാകരൻ
*ചെയർമാൻ,*
*പൊതുമേഖലാ സ്ഥാപനങ്ങളെ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 11.

<u>അനുബന്ധം I</u>

## സമിതിയുടെ നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 1 | കൃഷി | കമ്പനി ഉല്പാദിപ്പിക്കുന്ന യന്ത്രോപകരണങ്ങളുടെ സ്പെയർ പാർട്ടുകൾ വാങ്ങുന്നതിൽ സംസ്ഥാന സ്റ്റോർസ് പർച്ചേസ് മാന്വൽ (എസ്.പി.എം.) ചട്ടങ്ങളും കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗനിർദ്ദേശങ്ങളും പാലിക്കാതെ KAMCO-യുടേതായ വാങ്ങൽ നടപടിക്രമങ്ങൾ സ്വീകരിച്ചതായും ഇത്തരത്തിലുള്ള വാങ്ങൽ നടപടിക്രമങ്ങൾക്ക് സർക്കാരിന്റെ അനുമതി വാങ്ങിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. |
| | 2 | | KAMCO ഉല്പാദിപ്പിക്കുന്ന യന്ത്രോപകരണങ്ങളുടെ പ്രത്യേകത കണക്കിലെടുക്കുമ്പോൾ എസ്.പി.എം. ചട്ടങ്ങൾ അതുപോലെ നടപ്പിലാക്കാൻ സാധിക്കില്ലെന്ന കമ്പനിയുടെ വാദം അംഗീകരിക്കാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി, വാങ്ങൽ പ്രക്രിയയ്ക്ക് ബാധകമായിട്ടുള്ള നിയമങ്ങൾ കമ്പനി അനുസരിക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. |
| | 3 | | എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമായ എസ്.പി.എം. ചട്ടങ്ങൾ അനുസരിക്കാൻ KAMCO ബാദ്ധ്യസ്ഥമാണെന്ന് ചൂണ്ടിക്കാണിച്ച സമിതി, എസ്.പി.എം. ചട്ടങ്ങൾ കമ്പനി നിർബന്ധമായും പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു. എസ്.പി.എം. ചട്ടങ്ങൾക്ക് വിധേയമായുള്ള വാങ്ങൽ പ്രക്രിയ കമ്പനി |

| | | | |
|---|---|---|---|
| | | | പിൻതുടരുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| | 4 | | മുൻവർഷങ്ങളിൽ ഈടാക്കിയ വില, വിതരണത്തിലുള്ള കൃത്യനിഷ്ഠ, സ്പെയറുകളുടെ പ്രാഥമിക പരിശോധനയ്ക്ക് ശേഷമുള്ള സ്വീകാര്യത, ഉൽപാദന പ്രക്രിയ ഘട്ടത്തിലുള്ള സ്വീകാര്യത എന്നീ നാല് മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി KAMCO ഏർപ്പെടുത്തിയ മൂല്യനിർണ്ണയ സംവിധാനത്തിൽ സ്പെയറുകളുടെ വിലയ്ക്ക് കുറഞ്ഞ പ്രാധാന്യം നൽകിയത്, ഉയർന്ന നിരക്കിൽ സ്പെയറുകൾ വാങ്ങുന്നതിനും കമ്പനിക്ക് അധികച്ചെലവുണ്ടാകുന്നതിനും കാരണമായതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ മൂല്യനിർണ്ണയ സംവിധാനത്തിൽ കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി മൂല്യനിർണ്ണയ സംവിധാനം പുനഃക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| | 5 | | കമ്പനിയുടെ വാങ്ങൽ സംവിധാനത്തിന്റെ സുതാര്യതയും വില നിശ്ചയത്തിലുണ്ടാകേണ്ട മത്സരസ്വഭാവവും നിലനിർത്തുന്നതിനായി ഒന്നിലധികം വിൽപനക്കാരെ കണ്ടെത്തി അംഗീകൃത വിൽപനക്കാരുടെ പട്ടിക കമ്പനി വിപുലീകരിക്കേണ്ടതായിട്ടുണ്ട്. കമ്പനിയിലെ വിൽപനക്കാരുടെ പട്ടികവിപുലീകരണ സംവിധാനത്തിന്റെ അപര്യാപ്തത, കമ്പനിക്കാവശ്യമായ ഘടകങ്ങൾ ഒരു സ്രോതസിനെ മാത്രം ആശ്രയിച്ച് വാങ്ങുവാൻ കാരണമായിത്തീർന്നെന്ന് വിലയിരുത്തിയ സമിതി, കമ്പനിയുടെ അംഗീകൃത വിൽപ്പനക്കാരുടെ |

| | | | |
|---|---|---|---|
| | | | പട്ടിക വിപുലീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു. |
| | 6 | | കമ്പനിയുടെ പ്രവർത്തനത്തിനാവശ്യമായ മൂന്നിലൊന്ന് ഘടകങ്ങളും ഏക വിൽപനക്കാരിൽ നിന്നാണ് വാങ്ങിയിട്ടുള്ളതെന്ന ഓഡിറ്റ് നിരീക്ഷണം സമിതി ഗൗരവമായി വീക്ഷിക്കുന്നു. ഏക വിൽപനക്കാരെ മാത്രം ആശ്രയിച്ച് കമ്പനിക്കാവശ്യമായ ഘടകങ്ങൾ വാങ്ങുന്നത് വാങ്ങൽ പ്രക്രിയയിലെ മത്സരസ്വഭാവവും വാങ്ങൽ സംവിധാനത്തിന്റെ സുതാര്യതയും നഷ്ട പ്പെടുത്തുന്നതിനും ഏക വിൽപനക്കാർക്ക് അമിത ലാഭം നേടിക്കൊടുക്കുന്നതിനും കാരണമാകുമെന്നതിനാൽ യോഗ്യതയുള്ള മറ്റ് വിൽപനക്കാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | 7 | | പർച്ചേസ് ഓർഡർ നിബന്ധനകളിൽ ഭേദഗതി വരുത്താറുണ്ടെങ്കിലും കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിൽ പർച്ചേസ് ഓർഡറുകളുടെ യഥാർത്ഥ ക്രമനമ്പറും തീയതിയും മാറ്റം വരുത്താതെ സൂക്ഷിച്ചിരിക്കുന്ന രീതിയാണ് നിലവിലുള്ളതെന്ന് നിരീക്ഷിച്ച സമിതി, ഇക്കാര്യത്തിൽ സുതാര്യത ഉറപ്പുവരുത്താനായി, ഭേദഗതി ചെയ്ത പർച്ചേസ് ഓർഡർ നിബന്ധനകളിലുള്ള യഥാർത്ഥ രേഖപ്പെടുത്തലുകൾ സോഫ്റ്റ്‌വെയറിൽ നിലനിർത്തണ മെന്ന് നിർദ്ദേശിക്കുന്നു. |
| | 8 | | സ്പെയറുകളുടെ ഗുണനിലവാരമില്ലായ്മ, തെറ്റായ രൂപകല്പന, സൂക്ഷ്മ അളവുകളിലുള്ള വ്യതിയാനം |

| | | | |
|---|---|---|---|
| | 9 | | എന്നിവ കാരണം യന്ത്രോപകരണങ്ങളുടെ ഉല്പാദന സമയത്ത് ധാരാളം സ്പെയറുകൾ തിരസ്കരിക്കപ്പെടുന്നത് സ്പെയറുകൾ പാഴാകുന്നതിനും സമയനഷ്ടത്തിനും കാരണമാകുന്നുവെന്നും, ആയത് കമ്പനിയുടെ പ്രവർത്തന ചെലവ് വർദ്ധിപ്പിക്കുന്നുവെന്നും മനസ്സിലാക്കിയ സമിതി, സ്പെയറുകളുടെ ഗുണനിലവാരമില്ലായ്മ, തെറ്റായ രൂപകല്പന, അളവുകളിലുള്ള വ്യതിയാനം എന്നിവ കണ്ടെത്തി ഉല്പാദന സമയത്തുണ്ടാകുന്ന തിരസ്കരണത്തിന്റെ അളവ് കുറയ്ക്കുന്നതിന് മികവുറ്റ എഞ്ചിനീയറിംഗ് സംവിധാനം കമ്പനിയിൽ നടപ്പിൽ വരുത്തണമെന്ന് നിർദ്ദേശിക്കുന്നു.<br>എസ്.പി.എം. വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച് KAMCO യന്ത്രസാമഗ്രികൾ വാങ്ങിയെന്നതിന്മേൽ വിജിലൻസ് അന്വേഷണം നടക്കുകയാണെന്ന് മനസ്സിലാക്കിയ സമിതി, വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയും അന്വേഷണത്തിലെ കണ്ടെത്തലുകളെ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു. |